# ദർശനം

മാർച്ച്-ഏപ്രിൽ 2019




**സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൂടരഞ്ഞി**

പുസ്തകം 16 ലക്കം 6


ഡോ. എൻ.എസ് സന്തോഷ് B.Sc, BHMS
Mob : 9447 328 028
സെന്റ് സെബാസ്റ്റ്യൻസ് ഹോമിയോ ക്ലിനിക്ക്
കൂടരഞ്ഞി
പരിശോധന സമയം
2.00 pm - 7.00 pm


Admission Started...
Blooming Buds
Pre School
LKG & UKG
Play School, Day care
Directors :
Julie Vinod Pennaparambil (BA, PPTTC)
Smitha Jaison VAzhayil (BSc. BEd.)
Church Road, Koodaranhi. Ph: 9847629616


+91 9072 062 695
+91 8848 954 346
ROYAL
LIGHTS & SOUNDS
Mamparayil Building
Thiruvambady Road, Koodaranhi
പന്തൽ, ജനറേറ്റർ, സൗണ്ട്, സ്റ്റേജ്, മണ്ഡപം, കാറ്ററിംഗ്
കസേര, മേശ, ചെമ്പ്പാത്രങ്ങൾ
എല്ലാവിധ ഓർഡറുകളും ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കുന്നു.



"ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല"
(ലൂക്കാ: 1:37)

# ദർശനം

പുസ്തകം 16, ലക്കം 6 മാർച്ച് – ഏപ്രിൽ 2019

സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കൂടരഞ്ഞി | താമരശ്ശേരി രൂപത
ഫോൺ : 0495 2252032 stsebchurchkoodarnhi@gmail.com

| വികാരി | അസി. വികാരി | അജപാലന സഹകാരി |
|---|---|---|
| **ഫാ. ജോസഫ് തേക്കുംകാട്ടിൽ** | **ഫാ. ജിജോ കളപ്പുരയ്ക്കൽ** | **ഫാ. ജോസ് പുത്തേട്ടുപടവിൽ** |
| 9446 259 247 | 8606843654 | 9496 346 067 |

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ജോസഫ് തേക്കുംകാട്ടിൽ**

മാനേജിംഗ് എഡിറ്റർ
**ഫാ. ജിജോ കളപ്പുരയ്ക്കൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**ജോർജ് തെങ്ങുംപിള്ളിൽ**

## എഡിറ്റേഴ്സ്

**ജോസ് മറ്റത്തിൽ**
**ജോയ്സ് പെണ്ണാപറമ്പിൽ**
**ബെർണാർഡ് കീരമ്പനാൽ**
**തോമസ് വെള്ളാംചിറയിൽ**
**ഗ്രേസി തറപ്പേൽ**
**ജ്യോതിക ബെന്നി മറ്റത്തിൽ**

## പാരിഷ് സെക്രട്ടറി

**ജോസ് മറ്റത്തിൽ : 9446252537**



## വി. കുർബ്ബാന സമയം

**ഞായർ** : 6.00 am, 7.30 am
9.30 am, 4.00 pm

**മറ്റു ദിവസങ്ങളിൽ :**

| | |
|---|---|
| 6.00 am | ആരാധന |
| 6.30 am | വി. കുർബ്ബാന |
| 4.00 pm | ആരാധന |
| 4.30 pm | വി. കുർബ്ബാന |

**സൺഡേ സ്കൂൾ**
9446952071

CMC **കോൺവെന്റ്**
04952252036

**അക്കൗണ്ടന്റ്**
**9495231367**

**ദേവാലയശുശ്രൂഷി**
8281459489



# ഇടയമൊഴി



ദൈവാന്വേഷിയായ മനുഷ്യൻ ദൈവാന്വേഷണത്തിന്റെ ഭാഗമായി തങ്ങൾ ജനിച്ചുവളർന്ന വീടിന്റെയും നാടിന്റെയും താൻ വിശ്വസിക്കുന്ന മത സത്യങ്ങളുടെയും പശ്ചാത്തലത്തിൽ വിവിധ ആചാരാനുഷ്ഠാനങ്ങളിലൂടെ തന്റെ വിശ്വാസത്തെ വളർത്താൻ ശ്രമിക്കാറുണ്ട്. എല്ലാ മതങ്ങളും വിശ്വാസവളർച്ചയ്ക്ക് ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ സമാനതകളുള്ളതാണ്. അനുഷ്ഠാനവിധികളിൽ സംസ്കാരത്തിന്റെയും മതപഠനങ്ങളുടെയും സ്വാധീനമുണ്ടാകുമെന്ന് മാത്രം. വ്രതശുദ്ധിയോടുകൂടിയ നോമ്പനുഷ്ഠാനവും അതിന്റെ ഭാഗമായുള്ള ഉപവാസാനുഷ്ഠാനവും ഒട്ടുമിക്ക മതങ്ങളും പഠിപ്പിക്കുന്നതാണ്.

പരമപരിശുദ്ധിയും നിത്യസനാതന സത്യവുമായ ദൈവത്തെ കണ്ടെത്താൻ ജീവിത വിശുദ്ധി അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവാണ് നോമ്പനുഷ്ഠിച്ച് ജീവിതവിശുദ്ധി തേടാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ലോകമതങ്ങളെല്ലാം തന്നെ നോമ്പാചരണത്തെയും അതിന്റെ ഭാഗമായുള്ള ഉപവാസജീവിതത്തെയും പ്രോത്സാഹിപ്പിക്കാറുണ്ട്. നോമ്പനുഷ്ഠാനവും അതിന്റെ ഭാഗമായുള്ള ഉപവാസജീവിതവും ആത്മീയ വളർച്ചയ്ക്ക് ഉപകരിക്കുന്നവയാണെന്ന് ക്രിസ്തീയവിശ്വാസവും പഠിപ്പിക്കുന്നുണ്ട്. ക്രിസ്തുവിന്റെ പരസ്യ ജീവിതത്തിന് മുമ്പ് അവിടുന്ന് നാൽപത് ദിനരാത്രങ്ങൾ തപോനിഷ്ഠയോടെ ഉപവസിച്ച് പ്രാർത്ഥിച്ചു. ഇതാണ് വലിയ നോമ്പാചരണത്തിന് നമുക്ക് പ്രചോദനമാകുന്നത്. ഉപവാസാനുഷ്ഠാനത്തിലൂടെ ലോകത്തിന്റെ ദുരാശകളെ മറികടന്ന് ദൈവീകസ്വരം ശ്രവിക്കാനും അങ്ങനെ ആത്മീയമായി ശക്തിയാർജ്ജിക്കാനും ഒരുവനു കഴിയും. പഴയനിയമ കാലഘട്ടത്തിലും നോമ്പാനുഷ്ഠാനവും ഉപവാസവുമെല്ലാം പഴയനിയമ ജനം വളരെ കർക്കശമായും നിഷ്ഠയോടുകൂടിയും പാലിച്ചിരുന്നുവെന്ന് വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ട്.

ആത്മീയതയുടെ ചൈതന്യം നഷ്ടപ്പെടുംവിധം വെറും അനുഷ്ഠാനബദ്ധമായ നോമ്പാചരണത്തെ ഏശയ്യാ പ്രവാചകൻ കടുത്ത ഭാഷ

യിൽ വിമർശിക്കുന്നുണ്ട് (ഏശ 58:3). എന്തായിരിക്കണം യഥാർത്ഥ ഉപവാസത്തിന്റെ ചൈതന്യമെന്ന് പ്രവാചകൻ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഏശയ്യാ 58-ാം അധ്യായം ഒന്നു മുതലുള്ള വാക്യങ്ങളിൽ പ്രവാചകൻ ഇപ്രകാരം പഠിപ്പിക്കുന്നു. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ഉപവാസം. ഭക്ഷണ പദാർത്ഥങ്ങളുപേക്ഷിക്കുന്നതാണ് നോമ്പാചരണം എന്ന് ചിന്തിക്കുന്നവരോട് ഏശയ്യാ പറയും വിശക്കുന്നവനുമായി ആഹാരം പങ്കിടുകയും ഭവന രഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതാണ് ശരിയായ അർത്ഥത്തിൽ ഉപവാസം (ഏശ 58:6-8). പ്രവാചകൻ തുടർന്നു പറയുന്നു. ഇങ്ങനെ പ്രവർത്തിച്ചാൽ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടി വിടരും. നീ സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ നീതി നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് നിനക്ക് ഉത്തരമരുളുകയും ചെയ്യും.

നാൽപത് ദിനരാത്രങ്ങൾ മരുഭൂമിയിൽ തപോനിഷ്ഠയോടെ പ്രാർത്ഥിച്ച കർത്താവ് തന്റെ പരസ്യജീവിതകാലത്ത് പഠിപ്പിച്ചതും പ്രവർത്തിച്ചതും ഇത് മാത്രമാണ്;- സമൂഹത്തിലെ ദരിദ്രപക്ഷത്തോട് അനുഭാവപൂർവ്വം പ്രവർത്തിക്കുന്നതാണ് നിത്യരക്ഷയ്ക്കുള്ള മാർഗ്ഗമെന്നും കർത്താവ് കൂട്ടിച്ചേർത്തു (മത്താ 25:34-45)

അതിനാൽ നോമ്പിന്റെയും നോമ്പാചരണത്തിന്റെയും ഭാഗമായുള്ള ഉപവാസത്തിന്റെ ഫലമായി നമ്മിൽ ആത്മീയ പരിവർത്തനം സംഭവിക്കാനും ഫലമായി ദരിദ്ര വിഭാഗത്തോട് പക്ഷം ചേരാനും നമുക്ക് കഴിയട്ടെ. ദാരിദ്ര്യം എന്നാൽ സാമ്പത്തികമായ ഇല്ലായ്മ മാത്രമല്ലെന്ന് (മത്താ 5.3) കർത്താവ് പഠിപ്പിക്കുന്നുണ്ട്. അങ്ങനെ ശരിയായ അർത്ഥത്തിൽ വിശ്വാസം ജീവിച്ച് മറ്റുള്ളവർക്ക് സുവിശേഷമായി മാറാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

നിങ്ങളുടെ വികാരിയച്ചൻ,

**ഫാ. റോയി തേക്കുംകാട്ടിൽ**

# കൊച്ചച്ചന്റെ സന്ദേശം



വീണ്ടും ഒരു നോമ്പ്കാലം കൂടി വന്നെത്തിയിരിക്കുകയാണ്. ദൈവത്തോട് കൂടുതൽ ചേർന്നിരിക്കാനുള്ള കാലമാണ്. അത് നമ്മെ പുതുചൈതന്യമുള്ളവരാക്കി മാറ്റും. ഈ 50 ദിവസങ്ങളിൽ നമ്മൾ ചില കൊച്ചു കൊച്ചു ത്യാഗങ്ങളും പ്രായശ്ചിത്തങ്ങളും പ്രാർത്ഥനകളുമായി ദൈവത്തോട് ചേർന്നിരിക്കാൻ പോകുകയാണ്. ക്രൈസ്തവർ മാത്രമല്ല ലോകത്തിലെ ഒട്ടുമിക്ക മതങ്ങളിലും നമുക്ക് ഈ നോമ്പാചരണം കാണാൻ സാധിക്കും. നമ്മിൽ തണുത്തുറഞ്ഞുപോയ നന്മകളെ ഉണർത്തികൊണ്ടുവരാൻ ഈ നോമ്പാചരണം നമ്മെ സഹായിക്കും. ആഗ്രഹിക്കുന്ന നന്മയല്ല, ആഗ്രഹിക്കാത്ത തിന്മയാണ് ഞാൻ ചെയ്തുപോകുന്നതെന്ന അപ്പസ്തോല വിലാപം നമ്മുടെ തന്നെ ജീവിതാവസ്ഥയാകുമ്പോൾ എന്റെ പിഴ ചൊല്ലി തിരിച്ചു നടക്കാനായി തമ്പുരാൻ അനുവദിച്ചുതന്ന സമയമാണിത്.

നോമ്പുകാലം ശരിക്കുമൊരു തപസുകാലമാണ്. ഇത് നമ്മുടെ ഉള്ളിലേക്ക് നോക്കാൻ നമ്മെ സഹായിക്കും. ഈ നോമ്പ് കാലത്തിൽ ഇറച്ചിയും, മീനും, മുട്ടയും, പാലുമൊക്കെ ഉപേക്ഷിക്കുന്നതുമാത്രമല്ല ഉപവാസം. പാലിൽ നിന്നും ഇറച്ചിയിൽ നിന്നും മീനിൽനിന്നുമൊക്കെ അകന്നിരിക്കുന്നതിനേക്കാൾ ദുഷ്ടതയിൽ നിന്നും അശുദ്ധിയിൽ നിന്നും അകന്ന് നിൽക്കുന്നതായിരിക്കണം നമ്മുടെ നോമ്പാചരണം. വിശക്കുന്നവനുമായി ആഹാരം പങ്കുവെയ്ക്കുന്നതാവണം നമ്മുടെ ഉപവാസം. നഗ്നനെ ഉടുപ്പിക്കുകയും, ഭവനരഹിതരെ വീട്ടിൽ സ്വീകരിക്കുകയും, സ്വന്തക്കാരിൽ നിന്നും ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതാവണം നമ്മുടെ നോമ്പാചരണം. ചുരുക്കത്തിൽ വയറിനെ വേദനിപ്പിക്കുക എന്നതിനേക്കാൾ ഹൃദയത്തെ നവീകരിക്കുകയാണ് പ്രധാനം.

നോമ്പുകാലം ഒരു ബലപ്രയോഗത്തിന്റെ കാലഘട്ടമാണ്. ഈ ബലപ്രയോഗം നടത്തേണ്ടത് ഒരിക്കലും മറ്റുള്ളവരുടെ നേരെയല്ല, മറിച്ച് നമ്മോടു തന്നെയാണ്. നമ്മിലെ പഴയ മനുഷ്യനെതിരെയാണ്. നമ്മുടെ പഴയ ജീവിതരീതിയിൽ നിന്നും രൂപംകൊണ്ട ദുരാശകളാൽ കലുഷിതമായ പഴയ മനുഷ്യനെ നമുക്ക് ദൂരെയെറിയാം. പലപ്പോഴും പലതരത്തിലുമുള്ള ആസക്തികളുടെ ബന്ധനത്തിലാണ് നാം. ഭക്ഷണാസക്തി, ക്രമം വിട്ട ലൈംഗികത, ആഡംബരഭ്രമം, അലസത, ദ്രവ്യാസക്തി അങ്ങനെ പലതും. ഇവ നമ്മുടെ ഉള്ളിലെ മുൾചെ

ടികളാണ്. വൈരാഗ്യത്തിന്റെ വിത്തിനെ ഞെരുക്കുന്ന മുൾചെടികൾ, വചനം നമ്മിൽ ഫലം ചൂടണമെങ്കിൽ ഈ ആസക്തികളെ നമ്മൾ കീഴടക്കണം. ജഡികരായി ജീവിക്കുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ജഡത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നുവെങ്കിൽ നിങ്ങൾ ജീവിക്കും.

നമ്മുടെ ചിന്തകൾ, വികാരങ്ങൾ. ഇന്ദ്രിയങ്ങൾ എന്നിവയോട് നാം ബലപ്രയോഗം നടത്തണം. എന്നാൽ നാം പലപ്പോഴും അവയുടെ അടിമകളായിപ്പോകുന്നു. നാം അവയുടെ ഇഷ്ടത്തിന് പോകാതെ, നമ്മുടെ ഇഷ്ടത്തിന് അവയെ നിയന്ത്രിക്കണം. ലോകത്തിന്റെ ശക്തിക്കൊപ്പം നീങ്ങാൻ ബലപ്രയോഗം വേണ്ട. പക്ഷേ ക്രൈസ്തവ ജീവിതം ലോകത്തിന്റെ ഗതിക്കെതിരെയുള്ള നീന്തലാണ്. ഈ ഒഴുക്കിനെതിരെ നീന്തണമെങ്കിൽ നമ്മൾ ബലം പ്രയോഗിക്കണം. വിശ്വാസമാണ് ലോകത്തിന്റെ പ്രവണതയ്ക്കെതിരെ ബലപ്രയോഗം നടത്താൻ നമുക്ക് കരുത്ത് തരുന്നത്. നിരന്തരമായ പ്രാർത്ഥനയും ഉപവാസവുമാണ് സാത്താന്റെ ശക്തിക്കെതിരായുള്ള നമ്മുടെ ബലപ്രയോഗം. പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ വർഗ്ഗം കീഴടങ്ങുകയില്ലെന്ന് യേശു വ്യക്തമായി പറയുന്നുണ്ട്.

നോമ്പുകാലം പരിശീലനത്തിന്റെ കാലമാണ്. തന്നോടുതന്നെയും, ലോകത്തോടും, സാത്താനോടും ബലം പ്രയോഗിക്കാൻ വലിയ ആന്തരികശക്തി നാം നേടേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണ് സഭാമാതാവ് നോമ്പ് കാലം തന്റെ മക്കൾക്കായി ഒരുക്കിയിരിക്കുന്നത്. ഒരുക്കമില്ലാത്ത കായികാഭ്യാസി കളിക്കളത്തിൽ പരാജയപ്പെടുന്നു. പരിശീലനം നേടാത്ത പടയാളി ശത്രുവിന്റെ മുമ്പിൽ ഭയചകിതനായി കീഴടങ്ങും. നോമ്പുകാലത്തെ അവഗണിക്കുന്ന ക്രിസ്ത്യാനിയും അങ്ങനെതന്നെ. ഈ നോമ്പുകാലത്ത് ആദിമക്രൈസ്തവരുടെ മാതൃകയിലേക്ക് നമുക്ക് തിരികെ പോകാം. പരിശുദ്ധാത്മാവ് അതിനുള്ള ശക്തിയും പ്രേരണയും നമുക്ക് നൽകട്ടെ.

**ഉത്ഥാനതിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.**

ഒത്തിരി സ്നേഹത്തോടെ,

നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ

**ഫാ. ജിജോ കളപ്പുരയ്ക്കൽ**


11–ാം ചരമവാർഷികം
26.04.2019
ഏലിക്കുട്ടി
പന്തപ്പിള്ളിൽ
പാവനസ്മരണകളോടെ
കുടുംബാംഗങ്ങൾ


പാവനസ്മരണയ്ക്ക്
1–ാം ചരമവാർഷികം
(28.04.2019)
ഏലിയാമ്മ ജോസഫ്
ആനിക്കാട്ട്
ജനനം : 18.12.1935
മരണം : 28.04.2018
പ്രാർത്ഥനയോടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്
ദുഖിതരായ ഭർത്താവും മക്കളും മരുമക്കളും
പേരക്കുട്ടികളും കുടുംബാംഗങ്ങളും



# ഉള്ളടക്കം


വരും ദിനങ്ങളിൽ ........ 10
ഇടവകാവാർത്തകൾ ........ 11
സംഘടനാവാർത്തകൾ ........ 13
വെബ്സൈറ്റ് ഉദ്ഘാടനം ........ 14
കീഴടക്കാം ലോകത്തെ ........ 15
കുരിശിന്റെ വഴി ........ 16
ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ........ 17
നവസൂനങ്ങൾക്ക് സ്വാഗതം, നിത്യതയിലേക്ക് ........ 19
സ്നേഹത്തിൽ ഒന്നായി ........ 20
സ്കൂൾ വാർത്തകൾ ........ 21
മാർപാപ്പ സംസാരിക്കുന്നു ........ 24
സ്വപ്ന ദർശനങ്ങളിലൂടെ ദൈവികദൗത്യം ........ 30
വിശുദ്ധരുടെ പാതയിൽ ........ 33
മാതാപിതാക്കൾക്ക് എങ്ങനെ കുട്ടികളുടെ നല്ല കൂട്ടുകാരാകാം ........ 34
നോമ്പുകാലം ........ 37
കുടുംബം ഒരു ഗാർഹിക സഭ ........ 38
വിശ്വാസവും വ്യാഖ്യാനവും ........ 43
കൂട്ടുകാർക്കായ് ........ 49
വചനം അനുദിനവായനയ്ക്ക് ........ 51

# വരും ദിനങ്ങളിൽ



**2019 മാർച്ച്**

01 വെ ആദ്യവെള്ളി,
സകല മരിച്ചവരുടേയും ഓർമ്മ

18 തി ജറുസലേമിലെ വി. സിറിൽ

19 ചൊ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

25 തി മംഗളവാർത്താ തിരുനാൾ

**2019 ഏപ്രിൽ**

14 ഞാ ഓശാന ഞായർ

18 വ്യാ പെസഹാ വ്യാഴം

19 വെ പീഡാനുഭവ വെള്ളി

20 ശ വലിയ ശനി

21 ഞാ ഈസ്റ്റർ, ഉയിർപ്പുതിരുനാൾ

24 ബു ഗീവർഗ്ഗീസ്

25 വ്യാ വി. മർക്കോസ് സുവിശേഷകൻ

26 വെ സകല വിശുദ്ധരുടെും തിരുനാൾ

28 ഞാ പുതുഞായർ

29 തി സീയന്നായിലെ വി. കത്രീന

# ഇടവകാ വാർത്തകൾ

## പുതുവത്സരാരംഭം

2019 നന്മയുടെ പുതുപുലരിയെ പ്രതീക്ഷയോടെ വരവേൽക്കുന്നതിനായി ഇടവകാ സമൂഹം ദേവാലയത്തിൽ ഭക്തിപൂർവ്വം തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

## ഇടവകത്തിരുനാൾ ജനുവരി 2019

ഇടവക മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ 69-ാം തിരുനാൾ മഹോത്സവം ജനുവരി 17, 18, 19, 20 തിയ്യതികളിൽ ആഘോഷപൂർവ്വം നടത്തപ്പെട്ടു. തിരുക്കർമ്മങ്ങളിൽ വിശ്വാസികൾ ഒന്നടങ്കം ഹൃദയ പൂർവ്വം പങ്കെടുത്തു. പ്രൗഢഗംഭീരമായ വചനപ്രഘോഷണങ്ങൾ ഇടവകാ സമൂഹത്തിന്റെ വിശ്വാസ സാക്ഷ്യത്തിന് കരുത്തും ഉണർവ്വും പ്രദാനം ചെയ്തു. ജനുവരി 10-ാം തിയ്യതി ആരംഭിച്ച വി. സെബസ്ത്യാനോസിന്റെ നൊവേന 18-ാം തിയ്യതി ടൗൺ കപ്പേളയിൽ ആഘോഷപൂർവ്വം സമാപിച്ചു. അന്നേദിവസം താഴെ കൂടരഞ്ഞി കപ്പേളയിൽ അർപ്പിച്ച ദിവ്യബലിയെ തുടർന്ന് ടൗൺ കപ്പേളയിലേക്ക് നടത്തിയ മെഴുകുതിരി പ്രദക്ഷിണം ഏറെ നയനാനന്ദകരവും ഭക്തിസാന്ദ്രവുമായിരുന്നു. സൺഡേസ്കൂൾ വിദ്യാർത്ഥികൾ, അധ്യാപകർ, വിശ്വാസസമൂഹം, കൈക്കാരന്മാർ, കമ്മിറ്റി അംഗങ്ങൾ എന്നിവർ പ്രദക്ഷിണത്തിൽ പങ്കെടുത്തു. ജനുവരി 19-ാം തിയ്യതി വൈകുന്നേരത്തെ ആഘോഷമായ തിരുനാൾ കുർബ്ബാനയ്ക്കു ശേഷം ടൗൺ കപ്പേളയിലേക്ക് നടന്ന തിരുനാൾ പ്രദക്ഷിണം ഇടവകാ സമൂഹത്തിന്റെ വിശ്വാസ പ്രഘോഷണത്തിന്റെ നേർസാക്ഷ്യമായി. കർണ്ണാനന്ദകരമായ വാദ്യമേളങ്ങളോടെ നീങ്ങിയ പ്രദക്ഷിണത്തിൽ ഇടവകാസമൂഹം ഒന്നടങ്കം പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു. കൂടരഞ്ഞിയിലെ ക്രൈസ്തവ വിശ്വാസികളുടെ ഐക്യവും ദൈവകൃപയിൽ ആശ്രയിച്ച ജീവിത മാതൃകയും വിളിച്ചോതുന്നതായിരുന്നു വിശ്വാസ പ്രഘോഷണറാലി. ജനുവരി 20-ാം തിയ്യതി രാവിലെ രൂപതയിലെ നവവൈദികർ അർപ്പിച്ച ആഘോഷമായ ദിവ്യബലിയേയും പ്രദക്ഷിണത്തേയും തുടർന്ന് സമാപന ആശീർവാദത്തോടുകൂടി തിരുനാൾ സമാപിച്ചു. വിശുദ്ധ സെബസ്ത്യാനോസിന്റെ മദ്ധ്യസ്ഥതയിൽ ദൈവകൃപ വിശ്വാസികളിലേക്ക് കനിഞ്ഞിറങ്ങിയ നാളുകളായിരുന്നു തിരുനാൾ ദിനങ്ങൾ.

## കൊച്ചച്ചന്റെ യാത്രയയപ്പ്

നമ്മുടെ ഇടവകയിൽ നിന്ന് പുല്ലൂരാംപാറ ബഥാനിയ ധ്യാന കേന്ദ്രത്തിലേക്ക് അസിസ്റ്റന്റ് ഡയറക്ടറായി സ്ഥലം മാറിപ്പോയ

തോമസ് കൊച്ചുമുറിയിൽ അച്ചന് ജനുവരി 27-ാം തിയ്യതി ഇടവകാ സമൂഹം യാത്രയയപ്പും സ്നേഹോപഹാരവും നൽകി.

## പുതിയ കൊച്ചച്ചന് സ്വീകരണം

ഇടവകയിലേക്ക് പുതുതായി വന്ന കൊച്ചച്ചൻ ജിജോ കളപ്പുരയ്ക്കൽ അച്ചന് സ്നേഹപൂർവ്വം സ്വീകരണം നൽകി.

## +1, +2 പരീക്ഷ

+1, +2 വിദ്യാർത്ഥികൾക്കായി ജനുവരി 26-ാം തിയ്യതി വിശ്വാസ പരിശീലനത്തിന്റെ ഭാഗമായുള്ള വാർഷിക പരീക്ഷ നടത്തപ്പെടുകയുണ്ടായി.

## കൂടരഞ്ഞി ഇടവകയുടെ നേതൃത്വത്തിൽ
## സിനോയ് അറയ്ക്കലിന്
## നിർമ്മിച്ചു നൽകിയ ഭവനം



# സംഘടനാവാർത്തകൾ

## മാതൃവേദി – യൂദിത്ത് ഫോറം

### ദേവാലയ നിർമ്മാണ ഫണ്ട്

ഇടവകയിൽ പുതിയതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന ദേവാലയത്തിന്റെ മഹനീയത ഉൾക്കൊണ്ടുകൊണ്ട് നിർമ്മാണ ഫണ്ടിലേയ്ക്ക് ധനം സമാഹരിക്കുന്നതിനായി മാതൃവേദി - യൂദിത്ത് ഫോറം അമ്മമാരുടെ നേതൃത്വത്തിൽ ആരംഭിച്ച അച്ചാർ, പലഹാര നിർമ്മാണം അത്യുത്സാഹത്തോടെ നടന്നുവരുന്നു. ഏകദേശം ഒരു ലക്ഷത്തോളം രൂപ ഇതിനകം സമാഹരിച്ചുകഴിഞ്ഞു.

### തിരുനാൾ സ്റ്റാൾ

ഇടവക തിരുന്നാളിനോടനുബന്ധിച്ച് മാതൃവേദി സ്റ്റാൾ നടത്തുകയും ദേവാലയ നിർമ്മാണ ഫണ്ടിലേയ്ക്ക് തുക ശേഖരിക്കുകയും ചെയ്തു.

### കൊച്ചച്ചന് യാത്രയയപ്പ്

സ്തുത്യർഹമായ സേവനത്തിനു ശേഷം ഇടവകയിൽ നിന്നും സ്ഥലം മാറി പോകുന്ന റവ. ഫാ. തോമസ് കൊച്ചുമുറിയിൽ അച്ചന് മാതൃവേദിയുടെയും യൂദിത്ത് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഹൃദ്യമായ യാത്രയയപ്പ് നൽകി. ആനിമേറ്റർ സിസ്റ്റർ ആനി ജോസഫ്, മോളി മറ്റത്തിൽ, റോസിലി പുത്തൻ പുരയ്ക്കൽ, സിമിലി കുളത്തിങ്കൽ, ലിജി ഉഴുന്നാലിൽ, കുട്ടിയമ്മ നരിക്കാട്ട് എന്നിവർ പ്രസംഗിച്ചു.

### കൊച്ചച്ചന് സ്വീകരണം

നവാഗതനായ കൊച്ചച്ചൻ റവ. ഫാ. ജിജോ കളപ്പുരയ്ക്കൽ അച്ചന് ഊഷ്മളമായ സ്വീകരണം നൽകി. സിസ്റ്റർ ആനി ജോസഫ്, മോളി വയലിൽ, ലിജി ഉഴുന്നാലിൽ എന്നിവർ പ്രസംഗിച്ചു.

### ലോഗോസ് ക്വിസ്


കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലോഗോസ് ക്വിസ് മത്സരത്തിൽ ഏലിയാമ്മ കുരുമ്പേൽ, മോളി മറ്റത്തിൽ, ജെസ്സി നെല്ലിക്കാത്തെരുവിൽ, മേരി തൂപ്പുംകര, ആലീസ് ഓലിക്കൽ എന്നിവർ സമ്മാനാർഹരായി.

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടന്ന മീറ്റിംഗുകളിൽ റവ. ഫാ. ജിജോ കളപ്പുരയ്ക്കൽ, റോസിലി പുത്തൻപുരയ്ക്കൽ എന്നിവർ ക്ലാസ്സുകൾ എടുത്തു.

# വെബ്സൈറ്റ് ഉദ്ഘാടനം



ഇടവകയുടെ 70-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി പുതിയ വെബ്സൈറ്റ് നിർമ്മിച്ചു. **www.koodaranhichurch.org** എന്ന അഡ്രസ്സിൽ പുതിയ വെബ്സൈറ്റ് ലഭ്യമാണ്. മോൺ. ജോൺ ഒറവങ്കര (വികാരി ജനറാൾ) വെബ്സൈറ്റിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഇടവകയുടെ ചരിത്രം, വിവിധ സാമൂഹ്യസേവന പ്രവർത്തനങ്ങൾ, കുടുംബയൂണിറ്റുകൾ, വൈദീകർ, സന്യസ്തർ, ദേവാലയ നിർമ്മാണം തുടങ്ങിയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഇടവകയിലെ മതബോധന അധ്യാപകരുടെ നേതൃത്വത്തിലാണ് ഈ വെബ്സൈറ്റ് തയ്യാറാക്കിയത്.



# കീഴടക്കാം ലോകത്തെ

**ദീപ ജോസ്**

മൽസരങ്ങളിലും പരീക്ഷകളിലും മികച്ചു നിൽക്കുന്നവർ, ഉയർന്ന ജോലികളിൽ പ്രവേശിച്ചവർ, ധാരാളം സമ്പത്തു നേടുന്നവർ, ഉന്നത സ്ഥാനമാനങ്ങൾ കരസ്ഥമാക്കുന്നവർ തുടങ്ങിയവരെയൊക്കെയാണല്ലോ ലോകം വിജയികളായി പ്രഖ്യാപിക്കുന്നത്. പക്ഷെ ഇവരാണോ യഥാർത്ഥ വിജയികൾ? എന്റെ മനസിലേക്ക് കുറച്ചു ദിവസമായി കടന്നുവന്ന ഈ ചിന്തയെ ഒന്നു വിശകലനം ചെയ്യാനുള്ള എളിയ ശ്രമമാണ് ഇവിടെ നടത്തുന്നത്.

എല്ലാവരോടും സമഭാവത്തോടെ, ഹൃദയ പൂർവ്വം ഇടപെടുന്ന ചില സുമനസ്സുകളെ ജീവിതത്തിന്റെ വഴിത്താരകളിൽ നാം കണ്ടുമുട്ടാറുണ്ട്. ഹൃദയങ്ങൾ കീഴടക്കുന്ന ഇവരല്ലേ വിജയിച്ചവർ. കരുണയോടെ, സാന്ത്വനത്തിന്റെ തലോടലുമായി നമ്മുടെ ജീവിതത്തിന്റെ മങ്ങിയ ഇടങ്ങളിൽ പൊൻപ്രഭ ചൊരിയുന്ന ചില നിറദീപങ്ങളെയും നമുക്കിഹലോകത്തിൽ കാണാൻ സാധിക്കും. നമ്മെ സ്നേഹം കൊണ്ടും ജീവിത മാതൃക കൊണ്ടും കീഴടക്കുന്ന ചില നന്മമരങ്ങളെയും ഈ ജീവിതയാത്രയിൽ ദൈവം നമുക്കായ് കരുതിവെച്ചിട്ടുണ്ട്. ഇവരൊക്കെയും വിജയികൾ തന്നെ.

ചില വേദനകൾ, സഹനങ്ങൾ നമുക്കായ് ഏറ്റെടുത്തു മുറിയപ്പെടുന്നവർ നമ്മുടെ കൂടെയുണ്ട്. അതുപോലെ തന്നെ നമുക്കായ് ഉപവാസവും പ്രാർത്ഥനയും നടത്തി ജീവിതത്തിന്റെ മുൾപരപ്പുകൾ പൂമെത്തയാക്കി മാറ്റാൻ നമ്മെ സജ്ജരാക്കുന്ന ചില ദൃഢബന്ധങ്ങളും നമുക്കുണ്ട്. ഇവരെയൊക്കെ വിജയികളായി കാണാൻ മാത്രം തെളിച്ചമുള്ളതാക്കാം നമ്മുടെ ഉൾക്കാഴ്ചയെ.

ചില തോറ്റുകൊടുക്കലുകൾ, വിട്ടുകൊടുക്കലുകൾ, താഴ്ന്നുകൊടുക്കലുകൾ ഒക്കെ നടത്തുന്ന വ്യക്തികൾ യഥാർത്ഥത്തിൽ വിജയിക്കുകയല്ലേ ചെയ്യുന്നത്. നിഷേധ ചിന്തകളെ വരുതിയിലാക്കി ഭാവാത്മക ചിന്തകളാൽ പ്രഭ തൂകി ജീവിക്കുന്ന ചില പൊൻതാരകങ്ങളേയും വിജയിക്കുന്നവരുടെ ഗണത്തിൽ പെടുത്താൻ സാധിക്കും.

ഇതൊക്കെയല്ലേ ഈശോ സ്വന്തം ജീവിതത്തിലൂടെ നമുക്ക് കാണിച്ച് തന്നതും. നാം അവിടുത്തെ യഥാർത്ഥ അനുയായികളാണെന്ന് ഉറച്ച് വിശ്വസിക്കുന്നുവെങ്കിൽ ആർദ്രതയും, സ്നേഹവും, സഹിഷ്ണുതയും, പ്രാർത്ഥനയും എളിമയും ആവോളം നിറച്ച ഹൃദയങ്ങൾ കൊണ്ട് നമുക്ക് ലോകത്തെ കീഴടക്കാം. സാധ്യമാണിതെല്ലാം. കുർബാനയായവൻ കൂടെയുള്ളപ്പോൾ.

**"മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്"** (ലൂക്കാ 18/27)
**"കർത്താവിന്റെ അനുഗ്രഹമാണ് ദൈവഭക്തന് സമ്മാനം"** (പ്രഭാ: 11/22)

# കുരിശിന്റെ വഴി



ഈശോയുടെ പീഡാനുഭവ യാത്രയെ അനുസ്മരിച്ചു കൊണ്ട് നടത്തുന്നകാൽനടയാത്രയാണു കുരിശിന്റെ വഴി എന്നറിയപ്പെടുന്നത്. എ.ഡി 312 ൽ കോൺസ്റ്റന്റെയിൻ ചക്രവർത്തി നിയമപരമായി ക്രിസ്തുമതം അംഗീകരിച്ച നാൾമുതൽതന്നെ കർത്താവിന്റെ പീഢാനുഭവത്തെക്കുറിച്ച് ധ്യാനിക്കുന്ന ശീലം ഏറെ പ്രചാരം നേടിയിരുന്നു. 1342 ൽ ഫ്രാൻസിസ്കൻ സന്യാസികൾ വിശുദ്ധനാട്ടിലെ പുണ്യസ്ഥലങ്ങളുടെ സംരക്ഷകരായി നിയമിക്കപ്പെട്ടു. ഇക്കാലഘട്ടത്തിൽ പീലാത്തോസിന്റെ ഭവനം, മാതാവ് ഈശോയെ കണ്ടുമുട്ടിയ സ്ഥലം, ഈശോ സ്ത്രീകളെ ആശ്വസിപ്പിച്ച സ്ഥലം, ശിമയോൻ ഈശോയെ സഹായിച്ച സ്ഥലം, അവിടുത്തെ വസ്ത്രങ്ങൾ അഴിച്ചെടുത്ത സ്ഥലം, കുരിശിൽ തറച്ച സ്ഥലം, കല്ലറയിൽ സംസ്കരിച്ച സ്ഥലം, എന്നിവിടങ്ങളിൽ നടത്തുന്ന പ്രാർത്ഥനകൾ ദണ്ഡവിമോചന യോഗ്യമെന്നു കണക്കാക്കിയിരുന്നു. വില്യം വേ എന്ന ഒരു ഇംഗ്ലീഷ് തീർത്ഥാടകൻ 1462 ൽ വിശുദ്ധനാടു സന്ദർശിച്ചപ്പോൾ നൽകിയ പേരാണ് സ്റ്റേഷൻ അല്ലെങ്കിൽ സ്ഥലം. ഇക്കാലമത്രയും കുരിശിന്റെ വഴി നടത്തിയിരുന്നത് കാൽവരിയിൽ ആരംഭിച്ച് പീലാത്തോസിന്റെ ഭവനത്തിൽ അവസാനിക്കുന്ന വിധത്തിലായിരുന്നു. കാലക്രമേണ അത് ഇന്നത്തെ രൂപത്തിലേക്ക് മാറി. പിന്നീടു മുസ്ലീം തുർക്കികൾ വിശുദ്ധ സ്ഥലങ്ങൾ കൈയ്യടക്കുകയും, തീർത്ഥാടനം തടസ്സപ്പെടുത്തുകയും ചെയ്തപ്പോൾ മറ്റു തീർത്ഥാടന കേന്ദ്രങ്ങളിൽ ഈ ഭക്താനുഷ്ഠാനം പുനരവതരിപ്പിക്കപ്പെട്ടു. കാലക്രമേണ ഇതൊരു ഭക്താഭ്യാസമായി. 1584 ൽ 12 സ്ഥലങ്ങളുള്ള കുരിശിന്റെ വഴി വളർന്നു വന്നു. ഇതേ കാലഘട്ടത്തിൽതന്നെ 14 സ്ഥലങ്ങളുള്ള കുരിശിന്റെ വഴിയുടെ പുസ്തകങ്ങൾ പ്രചരിപ്പിക്കപ്പെട്ടു. 16-ാം നൂറ്റാണ്ടിൽ ഇന്നസെന്റ് 11-ാം മാർപ്പാപ്പ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുന്നത് ദണ്ഡവിമോചനം നൽകുമെന്നും പ്രഖ്യാപിച്ചു. 1742 ൽ ബനഡിക്റ്റ് 14-ാമൻ മാർപ്പാപ്പ ദൈവാലയങ്ങളിൽ 14 സ്ഥലങ്ങളും കുരിശും അതാതു രംഗങ്ങളെ അനുസ്മരിപ്പിക്കുന്ന ചിത്രങ്ങളും വയ്ക്കണമെന്ന് നിർദ്ദേശിച്ചു.

# ലോഡ്സ് കപ്പിൾസ് മിനിസ്ട്രി

**ദമ്പതി മിനിസ്ട്രി**
**കോഴിക്കോട് സോൺ കോ.ഓർഡിനേറ്റർ, അംബ്രോസ് ആലപ്പാട്ട്**

നവീകരണാനുഭവമുള്ള ദമ്പതികൾ തങ്ങളുടെ വിശ്വാസത്തിന്റെയും വിശ്വസ്തതയുടെയും വിശുദ്ധിയുടേയും പരസ്പരസ്നേഹത്തിന്റെയും വളർച്ചയും തളർച്ചയും പരസ്പരം പങ്കുവെയ്ക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന സ്ഥിരമായ കൂട്ടായ്മയാണ് ദമ്പതി സെൽ.

ഈ കാലഘട്ടത്തിൽ കുടുംബങ്ങൾ നേരിടുന്ന ഭാര്യഭർതൃബന്ധങ്ങളിലെ തകർച്ച, വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങൾ ആത്മഹത്യകൾ, തലമുറകളിലേയ്ക്ക് വിശ്വാസം പകർന്നു കൊടുക്കപ്പെടാത്ത അവസ്ഥ, കുടുംബങ്ങളിലെ മൂല്യശോഷണം, വ്യക്തികളിലുണ്ടാകുന്ന നവീകരണം, കുടുംബത്തിലും സമൂഹത്തിലും നിലനിർത്താൻ സാധിക്കാത്ത അവസ്ഥ ഇവയൊക്കെ മറികടന്ന്, ദൈവഹിതമറിഞ്ഞ് വിശുദ്ധിയിൽ ജീവിക്കാൻ ദമ്പതിസെല്ലുകളിലൂടെ സഹായിക്കുന്നു.

കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ ഭാഗമായി കോഴിക്കോട് സോൺ കോ-ഓർഡിനേറ്റർ ജേക്കബ് സാറിന്റെയും ആനിമേറ്റർ ഫാ. സൈമൺ വള്ളോപ്പള്ളിയുടെയും നേതൃത്വത്തിൽ ഒൻപത് സോണിലും ദമ്പതികളെ വിളിച്ചുചേർത്ത് കൂട്ടായ്മയിൽ അഭിവന്ദ്യ റെമീജിയോസ് പിതാവ് ദമ്പതികൂട്ടായ്മയുടെ പ്രാധാന്യത്തെക്കുറിച്ചും വിശുദ്ധരായ ദമ്പതികൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് ക്ലാസ്സെടുക്കുകയും ഓരോ ഇടവകയിലും കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരും വിശുദ്ധരാകുവാൻ ഒരുമിച്ച് പ്രാർത്ഥിക്കുകയും യത്നിക്കുകയും വേണമെന്ന് നിർദ്ദേശിച്ചു. അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ അനുഗ്രഹാശംസകളോടെ കപ്പിൾസ് മിനിസ്ട്രി കോൺടാക്റ്റ് പേഴ്സൺ ശ്രീ. സാജൻ അറയ്ക്കപറമ്പിലിന്റെ നേതൃത്വത്തിൽ ഓരോ ഇടവകയിൽ നിന്നു വന്നവർ ആറുപേർ വീതമുള്ള സെല്ലുകളായി രൂപീകരിച്ചു. ഓരോ സബ് സോണിലും ഒരു സർവ്വീസ് ടീം, അങ്ങനെ 9 സബ് സോണുകളായി 48 ദമ്പതി സെല്ലുകൾ. ഇതിൽ 280 ദമ്പതികളും ഓരോ സെല്ലുകളിൽ കുറഞ്ഞത് നാല് ദമ്പതികളും കൂടിയത് 7 ദമ്പതികളുമാണ് ഉള്ളത്. ഓരോ മാസവും നിശ്ചിതദിവസം

ഇവർ ഒരുമിച്ചുകൂടുകയും ജപമാല പ്രാർത്ഥന, വചനവായന എന്നിവയും അഞ്ച് സ്ഥായി ഘടകങ്ങളായ പ്രാർത്ഥനാജീവിതം, കൂദാശാജീവിതം, വചനജീവിതം, ക്ഷമയുടെ ജീവിതം, പങ്കുവെയ്ക്കൽ എന്നിവ പരസ്പരം പങ്കുവെച്ച് വീഴ്ചകൾ മനസ്സിലാക്കി തിരുത്തേണ്ട മേഖലക്കായി പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ദമ്പതി സെല്ലുകൾക്ക് ഒരു സോണൽ സർവ്വീസ് ടീം ഉണ്ട്. ഇതിന്റെ കോ. ഓർഡിനേറ്റർ ശ്രീ ആലപ്പാട്ട് അംബ്രോസ്-സെൽവി ദമ്പതികളും. 9 സബ്സോണിൽ നിന്നായി 9 ദമ്പതികളും ഉണ്ട്. 8 ദമ്പതികൾ അടങ്ങുന്ന ഒരു കോർ ഗ്രൂപ്പും ഉണ്ട്. ഒന്നിടവിട്ട് മാസങ്ങളിൽ ആനി മേറ്റർ ഫാ. സൈമൺ വള്ളോപ്പള്ളിയുടെ നേതൃത്വത്തിൽ കൂടുകയും സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആനിമേറ്ററിൽ നിന്നും വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിക്കുകയും പുതിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്യുന്നു. പുതിയ സെല്ലുകൾ രൂപീകരിക്കുന്നതിനുംനിലവിൽ ഉള്ള സെല്ലുകൾ നന്നായി പ്രവർത്തിക്കുന്നതിനും ആവശ്യമായ എല്ലാ സഹായങ്ങളും സാന്നിദ്ധ്യവും നൽകി സർവ്വീസ് ടീം കൂടെയുണ്ട്. വർഷത്തിൽ രണ്ടുപ്രാവശ്യം ലീഡേഴ്സ് മീറ്റിംഗ് നടത്തി, ഇവർക്ക് വേണ്ട പ്രോ ത്സാഹനവും നിർദ്ദേശങ്ങളും നൽകി പുതിയ മേഖലയിലേക്ക് ഇറങ്ങാൻ പ്രാപ്തരാക്കുന്നു. 2017 ലും 18 ലും അഭിവന്ദ്യ റെമീജിയോസ് പിതാ വിന്റെ ആവശ്യപ്രകാരം സോൺ തലത്തിൽ ദമ്പതികളെ വിളിച്ചു ചേർത്തിരുന്നു. 2018 ഡിസംബർ 1 ന്, 12 ദമ്പതികൾ പങ്കെടുത്ത ദമ്പതിസംഗമത്തിൽ അഭി. റെമീജിയോസ് പിതാവ് കൃതജ്ഞതാബ ലിയർപ്പിച്ചു പ്രാർത്ഥിച്ചു. പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനാശംസകൾ നേർന്നു. ഇത്രയും ദമ്പതികളെ ഒരുമിച്ച് കണ്ടതിൽ സന്തോഷം പങ്കുവെക്കുകയും ലീഡേഴ്സിനെ ബാഡ്ജ് നൽകി ആദരിക്കുകയും ചെയ്തു. ദമ്പതിസെല്ലിലെ കുടുംബങ്ങളെ തേരേസ്യൻ കുടുംബ മായി നാമകരണം ചെയ്തു. വിളിക്കുള്ളിലെ വിളിയായി ഇതിനെ സ്വീകരിക്കണമെന്നും ദമ്പതികളുടെ പ്രാർത്ഥന സഭയ്ക്ക് ശക്തിപ കരുമെന്നും കുടംബവിശുദ്ധീകരണം ലക്ഷ്യമാക്കി അമ്പതുനോമ്പിൽ മുഴുവൻ ദിവസവും പ്രാർത്ഥനയജ്ഞം നടത്തണമെന്ന് പിതാവ് നിർദ്ദേശിച്ചു. കൂടരഞ്ഞി ഇടവകയിൽ ശ്രീ. ജോളി-എൽസമ്മ കൊച്ചുപ റമ്പിലിന്റെ നേതൃത്വത്തിൽ ആറ് ദമ്പതികളുടെ സെൽ ശ്രീ. മത്തായി- അന്നമ്മ അറക്കപറമ്പിൽ നയിക്കുന്നു, സ്കറിയ-ലിസമ്മ തൊണ്ണ നാൽ ദമ്പതികളുടെ നേതൃത്വത്തിൽ നാല് ദമ്പതികളുടെ സെൽ ശ്രീ. അംബ്രോസ്-സെൽവി ആലപ്പാട്ട് ദമ്പതികളും നയിക്കുന്നു. രണ്ടു വർ ഷമായി മുടങ്ങാതെ സെല്ലുകൾ കൂടുകയും ദൈവഹിതം തിരിച്ചറിഞ്ഞ് വിശുദ്ധിയിൽ ജീവിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

## നവസൂനങ്ങൾക്ക് സ്വാഗതം



| നം | പേര്, വീട്ടുപേര് | മാതാപിതാക്കൾ | ജനനം | മാമ്മോദീസ |
|---|---|---|---|---|
| 1 | വെട്ടിക്കൽ ട്രീസ (എവ്ലിൻ) | D/o. ജിൻസ് & ലിമ | 20.09.18 | 07.01.19 |
| 2 | കണിയാംകുന്നേൽ എലിസബത്ത് (ആർലറ്റ്) | D/o. ജിമ്മി & നിഷ | 20.07.18 | 12.01.19 |
| 3 | വെട്ടുവേലിൽ ട്രീസ | D/o. ഷെൽബി & ഷെറിൻ | 09.10.18 | 26.01.19 |
| 4 | മറ്റം (ഓസ്റ്റിൻ) | S/o. ബോബി നീതു | 24.10.17 | 28.01.19 |
| 5 | അഞ്ചേരിൽ തോമസ് (എയ്ദൻ) | S/o. സാം & അനു | 03.12.18 | 03.02.19 |
| 6 | കോയിനിലം എയ്ദൻ | S/o. ഷൈജു & ഷിജി | 21.01.19 | 09.02.19 |
| 7 | പ്ലക്കാട്ട് തോമസ് (എറിക്) | S/o. റിബിൻ & നീതു | 06.08.18 | 09.02.19 |
| 8 | മാവറ ഇസ ആൻ | D/o. അജിലിഷ് & രമ്യ | 01.11.18 | 09.02.19 |
| 9 | കുന്നത്ത് ടെസ റോസ് | D/o. ജെൻസൻ & ഡിൻസി | 05.11.18 | 11.02.19 |

## നിത്യതയിലേക്ക്



| നം | പേര് | വീട്ടുപേര് | മരണം |
|---|---|---|---|
| 1 | എബിൻ (25) | മരുതുകുന്നേൽ | 02.01.19 |
| 2 | ചാക്കോ (85) | പള്ളിപ്പറമ്പിൽ | 18.01.19 |
| 3 | മറിയം (99) | ഇടിഞ്ഞാറപ്പിള്ളിൽ | 20.01.19 |
| 4 | തോമസ് (77) | ചാവടിയിൽ മണ്ണാർകുന്നേൽ | 30.01.19 |

| | | | |
|---|---|---|---|
| 5 | നൈനാൻ (78) | പ്ലാത്താനത്ത് | 01.02.19 |
| 6 | മേരി (78) | കൂട്ടിയാനിക്കൽ | 03.02.19 |
| 7 | ജോസഫ് (55) | പള്ളിക്കര | 03.02.19 |

## സ്നേഹത്തിൽ ഒന്നായി

| നം | വരൻ | വധു | വിവാഹം |
|---|---|---|---|
| 1 | അമൽ മരുതുകുന്നേൽ | ഐശ്വര്യ പനന്താനത്ത് | 26.01.19 |
| 2 | അനീഷ് കൊച്ചാനിച്ചുവട്ടിൽ | ബിന്നു കിളിയംപ്രായിൽ | 28.01.19 |
| 3 | എൽബിൻ കുഴിവേലിൽ | പ്രിയ പഴയപള്ളിൽ | 09.02.19 |
| 4 | എമിൽ ചെന്നിത്തല | ഷിന്റു കുംബ്ലാനിക്കൽ | 11.02.19 |
| 5 | ജിസ് മണ്ണംപ്ലാക്കൽ | ഡിഫീന കുഴുമ്പിൽ | 16.02.19 |

## പ്രീ-കാനാ കോഴ്സ് 2019

മാർച്ച് – 4 മുതൽ 7 വരെ, 25 മുതൽ 28 വരെ

ഏപ്രിൽ – 8 മുതൽ 11 വരെ

മെയ് – 6 മുതൽ 9 വരെ

ജൂൺ – 3 മുതൽ 6 വരെ

ജൂലൈ – 8 മുതൽ 11 വരെ

ഓഗസ്റ്റ് – 5 മുതൽ 8 വരെ

സെപ്റ്റംബർ – 9 മുതൽ 12 വരെ

ഒക്ടോബർ – 7 മുതൽ 10 വരെ

നവംബർ – 4 മുതൽ 7 വരെ

ഡിസംബർ – 9 മുതൽ 12 വരെ

## സ്കൂൾ വാർത്തകൾ

# സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. കൂടരഞ്ഞി

സ്കൂൾ ' ലിറ്റിൽ കൈറ്റ്സ്' ഐ ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'റിഫ്ളക്ഷൻസ് 2018' സ്കൂൾ അസി. മാനേജർ റവ. ഫാ. തോമസ് കൊച്ചുമുറിയിൽ പ്രകാശനം ചെയ്തു. ഐ.ടി. സാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടി തയ്യാറാക്കിയ ലേഖനങ്ങൾ, കഥ, കവിത, ആനിമേഷനുകൾ, കാർട്ടൂണുകൾ, ജീവചരിത്രങ്ങൾ, ഫീച്ചറുകൾ, ക്വിസ്സ് കോർണർ, വിവിധ ഭാഷാവിഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് മാഗസിൻ. പ്രിൻസിപ്പൽ ലീന വർഗ്ഗീസ്, ഹെഡ്മാസ്റ്റർ ശ്രീ. ബാബു ജോസഫ്, പി.ടി.എ പ്രസിഡന്റ് ശ്രീ. ഷിബു ജോർജ്ജ്, ഐ.ടി. കോ-ഓർഡിനേറ്റർ ജോളി ജോസഫ്, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് സി. ശുഭ സി.എം.സി, ജോയിന്റ് എസ്. ഐ.റ്റി.സി ജോസഫ് കുര്യൻ, റവ. ഫാ. ജോസഫ് ചെറിയാൻ, ജെയിംസ് കെ.കെ, എൽസമ്മ കെ.സി, ആദർശ് ഫ്രാൻസീസ് തുടങ്ങിയവർ പ്രസംഗിച്ചു.



## വാർഷികാഘോഷവും യാത്രയയപ്പു സമ്മേളനവും

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കൻഡറി സ്കൂളിന്റെ 56-ാമത് വാർഷികവും യാത്രയയപ്പ് സമ്മേളനവും നടത്തി. സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഹെഡ്മാസ്റ്റർ ശ്രീ. ബാബു

ജോസഫ്, ശ്രീ. എം.എം. കുര്യൻ, ശ്രീമതി അന്നമ്മ ഇ.കെ എന്നീ അധ്യാപകർക്കു യാത്രയയപ്പു നൽകി. കോർപ്പറേറ്റ് മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂൾ മാനേജർ റവ. ഫാ. റോയി തേക്കുംകാട്ടിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പ്രഗത്ഭ സംഗീത സംവിധായകൻ ഹരിപ്പാട് കെ.പി.എൽ പിള്ള മുഖ്യപ്രഭാഷണം നടത്തി. സിനിമാതാരം സുധീഷ് മുഖ്യാതിഥിയായിരുന്നു. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സോളി ജോസഫ് ഉപഹാരസമർപ്പണം നിർവ്വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംങ്ങ് കമ്മറ്റി ചെയർപേഴ്സൺ ശീമതി ഏലിയാമ്മ ഇടമുളയിൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. ജിമ്മി ജോസഫ്, പ്രിൻസിപ്പൽ ശ്രീമതി. ലീന വർഗ്ഗീസ്, എസ്.എസ്.എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ എം.ടി. തോമസ്, പി.ടി.എ പ്രസിഡന്റ് ശ്രീ. ഷിബു ജോർജ്ജ്, പി.ടി.എ പ്രസിഡന്റ് ശ്രീമതി സിമിലി ബോബി, മുൻ അധ്യാപകൻ ശ്രീ. എൻ.വി ദിവാകരൻ, സ്റ്റാഫ് സെക്രട്ടറിമാരായ സജി മാത്യു, കെ.സി എൽസമ്മ, സ്കൂൾ ലീഡർ അമൽ ഷാജി എന്നിവർ പ്രസംഗിച്ചു. വിടവാങ്ങുന്ന അധ്യാപകർ മറുപടി പ്രസംഗം നടത്തി. എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾ കത്തിച്ച തിരികളുമായി 'വെളിച്ചമേ നയിച്ചാലും' എന്ന പ്രാർത്ഥനാ നിർഭരമായ വിടവാങ്ങൽ ചടങ്ങു നടത്തി. സദസ്സ് ഒന്നടങ്കം കുട്ടികളുടെ ഉന്നതവിജയത്തിനും ശോഭനമായ ഭാവിക്കും വേണ്ടി പ്രാർത്ഥിച്ചു. വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

## സ്നേഹഭവനം താക്കോൽദാനം നടത്തി

സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കണ്ടറി സ്കൂൾ-ഹയർസെക്കണ്ടറി വിഭാഗത്തിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടുകൂടി നിർമ്മിച്ചു നൽകിയ സ്നേഹഭവനത്തിന്റെ താക്കോൽദാനം താമരശ്ശേരി രൂപതാ മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. മഴക്കെടുതിയിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട സ്കൂളിലെ സഹോദരങ്ങളായ രണ്ടു കുട്ടികളുടെ കുടുംബത്തിനാണ് 'സ്നേഹഭവനം' നിർമ്മിച്ചു നൽകിയത്. സ്കൂൾ മാനേജർ റവ. ഫാ. റോയി തേക്കുംകാട്ടിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സോളി ജോസഫ്, പ്രിൻസിപ്പൽ ശ്രീമതി ലീന വർഗീസ്, ഹെഡ്മാസ്റ്റർ ശ്രീ. ബാബു ജോസഫ്, ശ്രീമതി ഏലിയാമ്മ ഇടമുളയിൽ, ശ്രീ. എം.ടി. തോമസ്, ശ്രീ. ഷിബു ജോർജ്, ശ്രീമതി സിമിലി ബോബി, ശ്രീ. സജി മാത്യു, ശ്രീമതി കെ.സി. എൽസമ്മ തുടങ്ങിയവർ പ്രസംഗിച്ചു.

## വിളവെടുപ്പു നടത്തി

ജൈവകൃഷി രീതിയിലൂടെ ഉൽപ്പാദിപ്പിച്ച കാബേജ്, കോളിഫ്ളവർ, വഴുതന, പയർ, തക്കാളി, ചേന, മുളക് എന്നീ ഇനങ്ങളുടെ വിളവെടുപ്പ് നടത്തി. സ്കൂൾ കാർഷിക ക്ലബ്ബ്, വ്യക്തിത്വ വികസന ക്ലബ്ബ്, സ്കൗട്ട്, ഗൈഡ്സ് എന്നിവയിലെ കുട്ടികളാണ് കൃഷിസംരക്ഷണം നടത്തുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സോളി ജോസഫ് വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു. സ്കൂൾ അസി. മാനേജർ റവ. ഫാ. തോമസ് കൊച്ചുമുറിയിൽ അദ്ധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർമാരായ ഹരികുമാർ, മിഷേൽ ജോർജ്ജ്, പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ, പി.ടി.എ പ്രസിഡന്റ്, അധ്യാപകർ, കുട്ടികൾ തുടങ്ങിയവർ നേതൃത്വം നൽകി.

## ആഘോഷമായി പഠനോത്സവം

സ്കൂളിൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ ഹൃദ്യമായ ആവിഷ്കാരമായി മാറിയ പഠനോത്സവം ഏറെ ശ്രദ്ധേയമായി. കരകൗശല വസ്തുക്കളുടെ പ്രദർശനം, കയ്യെഴുത്തു മാസികകൾ, ശാസ്ത്ര പരീക്ഷണങ്ങൾ, പുരാവസ്തു പ്രദർശനങ്ങൾ, വർക്കിംഗ്-സ്റ്റിൽ മോഡലുകൾ, ഗണിതശാസ്ത്ര ചാർട്ടുകൾ, ഭക്ഷ്യമേള, കുട്ടികളുടെ വിവിധ കലാപരിപാടികൾ എന്നിങ്ങനെ നിരവധി പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കോർത്തിണക്കിയ പഠനോത്സവം വ്യത്യസ്തമായ അനുഭവമായിമാറി. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സോളി ജോസഫ് പഠനോത്സവം ഉദ്ഘാടനം ചെയ്തു. അസി. മാനേജർ റവ. ഫാ. ജോസഫ് കളപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. കുന്ദമംഗലം ബി.പി.ഒ ശ്രീ. ശിവദാസൻ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ശ്രീമതി ലീന വർഗ്ഗീസ്, ഹെഡ്മാസ്റ്റർ ശ്രീ. ബാബു ജോസഫ്, ബി.ആർ.സി ട്രെയിനർ ശ്രീ. അബ്ദുൾ നാസർ, ശ്രീമതി ഏലിയാമ്മ ഇടമുളയിൽ, ശ്രീ. ഷിബു ജോർജ്ജ്, ശ്രീമതി ഇൻഫന്റ് മേരി, ശ്രീ. റോയി അഗസ്റ്റിൻ തുടങ്ങിയവർ പ്രസംഗിച്ചു.

## പഠന ക്യാമ്പ് ഉദ്ഘാടനം ചെയ്തു

എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ ഉന്നത വിജയത്തിനായുള്ള പഠനക്യാമ്പ് സ്കൂളിൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ. ഫാ. റോയി തേക്കുംകാട്ടിൽ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. ബാബു ജോസഫ്, വിജയോൽസവം കൺവീനർ ശ്രീമതി കത്രീന കെ.കെ, ജെയിംസ് കെ.കെ, ഷൈനി അഗസ്റ്റിൻ, എൽസമ്മ കെ.സി തുടങ്ങിയവർ പ്രസംഗിച്ചു.

## മാർപാപ്പ സംസാരിക്കുന്നു



സഹിക്കുന്ന മനുഷ്യരെ കത്തോലിക്കർ സദാ ഓർമ്മിക്കേണ്ട തുണ്ട്. പുതിയ കാലഘട്ടത്തിന്റെ അടിമത്തത്തോട് ഉദാസീനത പാലിക്കാൻ സഭയ്ക്കു കഴിവില്ല. അവരെ സഹായിക്കുകയും ദുഷ്കരമായ സാഹചര്യങ്ങളിൽ കഴിയുന്നവരോട് മാതൃസഹജമായ അടുപ്പം പുലർത്തുകയും വേണം. യേശു ദരിദ്ര സാഹചര്യങ്ങളിലാണ് ജനിച്ചത്. എളിയവരോടും പാവപ്പെട്ടവരോടും ദൈവത്തിനുള്ള സ്നേഹം പ്രകടമാക്കാനായിരുന്നു അത്. അപ്രകാരം ദൈവരാജ്യത്തിന്റെ വിത്ത് അവിടുന്ന് ലോകത്തിൽ വിതച്ചു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും നീതിയുടെയും വിത്താണത്. അവിടെ അടിമകളില്ല. എല്ലാവരും ഏക പിതാവിന്റെ മക്കളായ സഹോദരങ്ങൾ മാത്രം. ദൈവം തന്നെ താഴ്ത്തിയതിലൂടെ നാം ഉയർത്തപ്പെട്ടു. അവിടുത്തെ വലുപ്പക്കുറവിൽ നിന്ന് നാം വലുപ്പമാർജ്ജിച്ചു; ബലഹീനതയിൽ നിന്ന് ബലവും. അവിടുന്ന് ദാസനായതിലൂടെ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചു.

**നാമെല്ലാം സഹോദരങ്ങൾ :** സ്വർഗ്ഗസ്ഥനായ ഏക പിതാവിന്റെ സ്നേഹഭാജനങ്ങളാണ് നാമെല്ലാവരും. വ്യത്യസ്തങ്ങളായ ആശയങ്ങളുള്ള ആളുകൾക്കിടയിലെ സാഹോദര്യമാണ് യഥാർത്ഥ സൗന്ദര്യം. യേശുക്രിസ്തു നമ്മുടെമേൽ ചൊരിഞ്ഞ സാഹോദര്യമില്ലെങ്കിൽ നീതിനിഷ്ഠമായ ലോകം പടുത്തുയർത്താനുള്ള നമ്മുടെ പരിശ്രമങ്ങൾ ഫലവത്താവുകയില്ല. നമ്മുടെ ഏറ്റവും മികച്ച പദ്ധതികളും ആസൂത്രണങ്ങളും പോലും ആത്മാവില്ലാത്തതും ശൂന്യവുമായി പോകും.

**പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ മാതാവിലേക്ക് തിരിയുക**
പ്രശ്നങ്ങളും പ്രതിസന്ധികളും നമ്മെ വെല്ലുവിളിക്കുമ്പോൾ സഹായത്തിനായി മാതാവായ മറിയത്തിലേക്കു തിരിയുക. ജീവിതത്തിന്റെ കെട്ടുപാടുകളിൽ കുരുങ്ങുമ്പോൾ നമ്മുടെ ദൃഷ്ടികൾ മാതാവിലേക്ക് ഉയർത്താം. പക്ഷേ അതിനു മുമ്പേ മാതാവിന്റെ ദൃഷ്ടികൾക്ക് വിധേയരാകാൻ സ്വയം വിട്ടുകൊടുക്കണം. ഇരുട്ടു കനത്ത ഏതു മൂലയിലും പ്രകാശമെത്തിക്കാൻ കഴിയുന്നതാണ് മാതാവിന്റെ ദൃഷ്ടികൾ. മാതൃനിർഭരമായ ആ നോട്ടം നമ്മിൽ ആത്മവിശ്വാസം നിറയ്ക്കുന്നു. മറിയം വിശ്വാസികളെ മക്കളായാണ് - പാപികളായിട്ടല്ല കാണുക. നമ്മെ സഭയിൽ വേരൂന്നി നില്ക്കാൻ സഹായിക്കുന്നത് മറിയമാണ്. പരി. അമ്മ മാത്രമല്ല ലോകത്തിലെ എല്ലാ അമ്മമാരും പ്രധാനപ്പെട്ടവരാണ്. കാരണം മാനവ കുടുംബം പടുത്തുയർത്തിയിരിക്കുന്നത്

# പാവനസ്മരണയ്ക്ക്



1-ാം ചരമവാർഷികം
(16.03.2019)

## ജോസ്
## നെല്ലിക്കത്തെരുവിൽ

മരണം : 16.03.2018

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായ്
ഭാര്യ : എൽസി, മക്കൾ : ലൈല, ഷീല, മിനി, ബോബി
ഷെല്ലി, റാണി, പേരക്കുട്ടികൾ, ബന്ധുമിത്രാദികൾ

# പാവനസ്മരണയ്ക്ക്

## 1-ാം ചരമവാർഷികം

(04.04.2019) (24.03.2019)



| | |
|---|---|
| **റ്റി.ഡി. ജോസഫ്** | **അന്നക്കുട്ടി** |
| ജനനം : 09.02.1944 | ജനനം : 12.05.1951 |
| മരണം : 04.04.2018 | മരണം : 24.03.2018 |

## തെങ്ങുംപിള്ളിൽ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# Success Garten at Thiruvambady – 9 years of linguistic passion!

## Amazing Q-1 of IELTS results


ANU JOHN NILGIRIS, Overall-7.5,L-7.5,R-8, W-6.5.S-7.5


CINJU ZACHARIAS KOODARANJI, Overall-8, L-8.5,R-9,W-7,S-7


DURGAPRASAD CHENNAI Overall-7, L-7,R-7,W-6.5,S-7


EMIL JAME DAVIS KOZHIKODE, Overall-7.5,L-9, R-8.5,W-7,S-7


NAMITHA ELIZABETH PUDUPPADY, Overall-8, L-9,R-8, W-7,S-7.5


NEETHU MARY MALAPPURAM, Overall-7.5,L-8.5, R-8.5,W-7,S-7


SARANYA SANTHOSH, Koodaranhi, Overall-7.5 , L-7.5, R-8,W-7,S-7,

*Thank you for giving us*

**Outstanding Results**
for all our 3 English exams in the first quarter of 2019 !

49 students with
**a dream band of overall 8,**
with an enviable individual split up of minimum 7.

## Spectacular Q-1of OET


MYDHILI PRIYA MALAPPURAM, L-B, R-B,W-B,S-B


PRINTY RAJU VANDOOR, L-B Grade, R-B Grade,W-B Grade, S-B Grade


SHIJI JOSEPH PULPPALLY,L-B Grade, R-B Grade,W-B Grade, S-B Grade


TINJUMOL DOMINIC KASARGODE L-B grade, R-B grade, W- B grade, S- B grade


HONEY ABRAHAM MANANTHAVADY, L-B,R-B,W-B,S-B


JEETHU POULOSE PAYYANNUR L-B Grade,R-B Grade, W-B Grade, S-B Grade


JYOTHI PHILIP NILAMBUR, L-C+, R-C+,W-B,S-B

Director :
**Chintu M. Raju** (MFSc(CIFT), MBA(UGC-NET), MA English, PGDTRM)

## OUTSTANDING Q-1 OF PTE


DONY JAMES CHANGENASSERY,Overall-76, L-77,R-75,W-87,,S-65


JOYAL JERRY KALPETTA, Overall-75, L-71, R-76, W-68, S-86


SHERIN THOMAS CHEMPUKADAVU, Overall-84, L-85, R-79, W-86, S-90

SUCCESS Garten®
Freedom Through Language

Mathichiparambil Bldg, **Thiruvambady**
**0495 2984774, 09447814774**



മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
ജോസഫ് തേക്കുംകാട്ടിൽ അച്ചനും
ജോസ് പുത്തേട്ടുപടവിൽ അച്ചനും
ജോസഫ് കളപ്പുരയ്ക്കൽ അച്ചനും
ഇടവകാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ!




സിദ്ദിഖ് & ടീം
Mob : 9744 177 881
9495 564 251
മലയോര മേഖലയിൽ 19 വർഷം
പിന്നിട്ട സേവന പാരമ്പര്യം
കിണർ
വൃത്തിയാക്കൽ
പുല്ലൂരാംപാറ, തിരുവമ്പാടി
വർക്കുകൾ മിതമായനിരക്കിൽ ഉത്തരവാദിത്വത്തോടെ....



# യാത്രാ മംഗളങ്ങൾ

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ്
ഇടവകയിലെ ഒരു വർഷത്തെ
സ്തുത്യർഹമായ സേവനത്തിനു ശേഷം
പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിന്റെ
അസി. ഡയറക്ടറായി സ്ഥലം മാറിപ്പോയ

**ബഹു. തോമസ് കൊച്ചുമുറിയിൽ അച്ചന്**

ഇടവകാംഗങ്ങളുടെ
നന്ദിയും പ്രാർത്ഥനാശംസകളും

കൂടരഞ്ഞി ഇടവകയിലേക്ക്

# സ്വാഗതം



കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ്
ഇടവകയിലെ
അസി. വികാരിയായി നിയമിതനായിരിക്കുന്ന

**ബഹു. ജിജോ കളപ്പുരയ്ക്കൽ
അച്ചന്**

ഇടവകാംഗങ്ങളുടെ
പ്രാർത്ഥനാശംസകൾ!

അമ്മമാരുടെ അടിസ്ഥാനത്തിലാണ്. അമ്മമാരുടെ ആർദ്രതയില്ലാത്ത ലോകം ദരിദ്രമായിരിക്കും. അനുകമ്പയിലെ കരുത്തും സൗമ്യതയിലെ ജ്ഞാനവുമാണ് വീരോചിതമായത് എന്ന് അമ്മമാരിൽ നിന്ന് നാം പഠിക്കേണ്ടതുണ്ട്. ദൈവത്തിനു തന്നെ ഒരു അമ്മയെ ആവശ്യമായി വന്നു. അപ്പോൾ എത്രയധികമായി നമുക്ക് അത് ആവശ്യമായിരിക്കുകയില്ല.

**ലോക സമാധാനത്തിനാവശ്യം സംഭാഷണത്തിനുള്ള വിനയം :** പരസ്പരം സംസാരിക്കാനും ആശയ വിനിമയം നടത്താനും കഴിയാത്ത നേതാക്കൾക്ക് സമാധാനം സ്ഥാപിക്കാൻ കഴിയില്ല. ശത്രുവായി കരുതുന്നവരെ നേരിൽ കാണാനും അവരോടൊപ്പം ഒരു മേശയുടെ ചുറ്റും ഇരിക്കാനും സംസാരിക്കാനും കഴിയാത്ത നേതാക്കൾക്ക് സ്വന്തം ജനതകളെ സമാധാനത്തിലേക്ക് നയിക്കാനാവില്ല. ഇങ്ങനെ ഇരുന്ന് സംസാരിക്കുന്നതിന് വിനയം വേണം. സമാധാനം എല്ലാ പൗരന്മാരുടെയും ഉത്തരവാദിത്വമാണ്.

**ഉപകാരസ്മരണ**



**ഒരു വിശ്വാസി**

# സ്വപ്ന ദർശനങ്ങളിലൂടെ ദൈവികദൗത്യം കണ്ടെത്തിയ വി. യൗസേപ്പ്

**സിസ്റ്റർ ജോസിറ്റ സി.എം.സി.**

"ജോസഫ് നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു; അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു" (മത്താ 1:24).

"അവൻ ഉണർന്ന് ശിശുവിനേയും അമ്മയേയും കൂട്ടി ആ രാത്രിയിൽ തന്നെ ഈജിപ്തിലേക്കു പോയി" (മത്താ.2:14).

"അവൻ എഴുന്നേറ്റ്, ശിശുവിനേയും അമ്മയേയും കൂട്ടി ഇസ്രായേൽ ദേശത്തേയ്ക്ക് പുറപ്പെട്ടു" (മത്താ 2:21).

"സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പ് അനുസരിച്ച് അവൻ ഗലീലി പ്രദേശത്തേക്കു പോയി" (മത്താ 2:22).

"നസ്രത്ത് എന്ന പട്ടണത്തിൽ അവൻ ചെന്നു പാർത്തു" (മത്താ. 2:23).

ഈ തിരുവചനഭാഗങ്ങളിലെല്ലാം നാം കാണുന്നത് സ്വപ്നത്തിൽ ലഭിച്ച നിർദ്ദേശങ്ങളനുസരിച്ച് സംശയലേശമെന്യേ, ഒരു ചോദ്യം പോലുമുന്നയിക്കാതെ, വരുംവരായ്കകളെപ്പറ്റി ചിന്തിക്കാതെ ഉടനടി ദൈവഹിതത്തിനു വിധേയനായി പ്രവർത്തിക്കുന്ന ജോസഫിനേയാണ്.

"നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്, നാളത്തെ ദിവസം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതിന്റെ ക്ലേശം മതി" (മത്താ.6:36). ഈ തിരുവചനം നമ്മോടു പറയുന്നതുപോലെ ദൈവപരിപാലനത്തിൽ പരിപൂർണ്ണമായി ആശ്രയിക്കുന്ന ജോസഫ്.

ആരാണ് ഈ ജോസഫ്? വിശുദ്ധ ബൈബിൾ പറയുന്നു, മറിയത്തിന്റെ ഭർത്താവ്. ഈ ജോസഫിനെപ്പറ്റി മത്തായി 1:19 ൽ പറയുന്നതനുസരിച്ച്, "അവളുടെ ഭർത്താവായ ജോസഫ് നീതിമാനായിരുന്നു".

"മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കേ, അവർ സഹവസിക്കുന്നതിന് മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും, അവളെ അപമാനിക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അവൻ

ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കേ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോട് പറഞ്ഞു "ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. അവന് നീ യേശു എന്ന് പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും മോചിപ്പിക്കും". "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും". എന്ന് കർത്താവ് പ്രവാചകൻ വഴി അരുളിച്ചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്" (മത്താ 1:1824).

തിരുവചനഭാഗങ്ങളെല്ലാം നന്നായി മനസ്സിലാക്കിയിരുന്ന ജോസഫ് സ്വപ്നദർശനങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിനു സ്വയം വിധേയനായി മറിയത്തിന്റെയും പിറക്കുവാനിരിക്കുന്ന ശിശുവിന്റെയും സംരക്ഷണം ഏറ്റെടുക്കുകയാണ്. ദൈവപുത്രനായ യേശുവിന്റെ വളർത്തു പിതാവാകുക എന്ന് ജോസഫിന് നൽകിയ ദൗത്യം അത്ര എളുപ്പമുള്ള ഒന്നായിരുന്നില്ല. ദുർഘടം പിടിച്ച പാതകളിലൂടെ മുന്നോട്ടു പോകേണ്ടതായി വരുന്നു. പ്രതികൂല സാഹചര്യങ്ങളും പ്രതിസന്ധികളുമെല്ലാം മൗനമായി, സന്തോഷപൂർവ്വം യേശുവിനോടും മറിയത്തോടുമുള്ള സ്നേഹാദരവുകളോടെ, ദൈവം ഏൽപിച്ച ദൗത്യത്തോടുള്ള വിശ്വസ്തത നിർവ്വഹിച്ച വിശുദ്ധ ജോസഫിനേയാണ് ഇന്ന് തിരുസ്സഭ തിരുക്കുടുംബത്തിന്റെ നാഥനായി വണങ്ങുന്നത്. തിരുക്കുടുംബ നാഥനെന്ന നിലയിൽ വിശുദ്ധിയുടെ ഉന്നതപദവിയിലേക്കു ഉയരുന്നതിന് ആവശ്യമായ എല്ലാവിധ അനുഗ്രഹങ്ങളും ദൈവം ജോസഫിന് നൽകിയിരുന്നു. ദൈവിക സ്വരത്തിന് നിരന്തരം കാതോർത്തും ദൈവഹിതത്തിന്റെ അടയാളങ്ങൾ തുടർച്ചയായി അന്വേഷിച്ചും ദൈവികപദ്ധതി മനസ്സിലാക്കി തന്റെ ദൗത്യം പൂർത്തിയാക്കിയ വിശുദ്ധ ജോസഫിനെ സാർവ്വത്രിക സഭയുടെ മദ്ധ്യസ്ഥനായി 1870 ഡിസംബർ 8 ന് 9-ാം പീയൂസ് മാർപ്പാപ്പ പ്രഖ്യാപനം ചെയ്തു.

ഉണ്ണിയേശുവിനേയും പരിശുദ്ധ അമ്മയേയും സംരക്ഷിക്കുന്നതിനുവേണ്ടി ഏറ്റം എളിയ ജോലികൾ പോലും ചെയ്ത് ജീവിതകാലം മുഴുവൻ അഹോരാത്രം അദ്ധ്വാനിച്ച വിശുദ്ധ ജോസഫിനെ 12-ാം പീയൂസ് മാർപ്പാപ്പ തൊഴിലാളി മദ്ധ്യസ്ഥനായി അംഗീകരിച്ച് ആദരിച്ചു. മെയ് 1-ാം തീയതി തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾ സഭയിൽ ആഘോഷിച്ചുവരുന്നു.

യേശുവിന്റെയും മറിയത്തിന്റെയും സംരക്ഷണദൗത്യം ദൈവഹിതത്തിനു വിധേയനായി ഏറ്റെടുത്ത നിമിഷം തുടങ്ങി അവ

രെപ്പറ്റി മാത്രം ധ്യാനപൂർവ്വം ചിന്തിച്ചുകൊണ്ട് അവർക്കുവേണ്ടി ക്ലേശപൂർണ്ണമായ കഠിനാധ്വാനം ചെയ്ത് വിശ്വസ്തതാപൂർവ്വം വ്യാപരിച്ച ജോസഫിന് തളരാതെ, തകരാതെ മുന്നേറാൻ ഈശോയുടേയും മാതാവിന്റെയും ദൈവികത തുളുമ്പുന്ന വാക്കുകളും ജീവിതമാതൃകകളും പ്രചോദനമായിരുന്നുവെന്നതിന് സംശയമില്ല. അവസാന നാളുകളിൽ യേശുവിന്റെയും മറിയത്തിന്റെയും സ്നേഹശുശ്രൂഷകളും സ്വീകരിച്ച് സന്തോഷത്തോടെ സമാധാനപൂർണ്ണമായി തന്റെ ജീവിതം ദൈവപിതാവിന് സമർപ്പിച്ച ആ ധന്യാത്മാവ്, നന്മരണ മദ്ധ്യസ്ഥനായി തിരുസ്സഭയിൽ തിളങ്ങി പ്രശോഭിച്ചുകൊണ്ടിരിക്കുന്നു.

വിശുദ്ധ യൗസേപ്പിനോട് സഹായം അഭ്യർത്ഥിക്കുകയും മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്ത ഒരാളെപ്പോലും അവിടുന്ന് ഉപേഷിച്ചില്ലെന്ന് വിശുദ്ധ അമ്മത്രേസ്യയുടെ സാക്ഷ്യം ആ വിശുദ്ധന്റെ കരം പിടിച്ച് എഴുന്നേൽക്കുവാനും ദൈവൈക്യത്തിലേക്ക് നടന്നടുക്കുവാനും നമുക്ക് പ്രചോദനമാവട്ടെ.



# വിശുദ്ധരുടെ പാതയിൽ

ഏപ്രിൽ 29

## സീയെന്നായിലെ വി. കത്രീന (1347 – 1380)



ജക്കോപ്പാ, ലാപ്പാബെനിൻകാസ എന്നിവരുടെ 23-ാമത്തെ ശിശുവായി കത്രീന ഇറ്റലിയിലെ സീയെന്നായിൽ ജനിച്ചു. സമർത്ഥയും ഭക്തയും പ്രസന്നയുമായി വളർന്നുവന്ന കുട്ടി കന്യകയായി ജീവിക്കാൻ ഒരു സ്വകാര്യ വ്രതമെടുത്തു. ഒരു കൊച്ചു മുറിയിൽ താമസിക്കാൻ ഭക്തനായ പിതാവ് അവൾക്ക് അനുവാദം നൽകി. അമ്മ അവളെ വിവാഹത്തിനു പ്രേരിപ്പിക്കാനായി ഉല്ലാസങ്ങൾ ക്രമപ്പെടുത്തി വന്നിരുന്നു. പന്ത്രണ്ടാം വയസ്സിൽ ഒരു വിവാഹാലോചന ഉണ്ടായപ്പോൾ അവൾ തലമുടി വെട്ടിക്കളഞ്ഞു. ഒരിക്കൽ ജ്യേഷ്ഠത്തിമാരുടെ പ്രേരണയനുസരിച്ച് സുന്ദരവസ്ത്രങ്ങൾ ധരിച്ചതിന് മരണം വരെ മനസ്തപിച്ചുവെന്നു പറയുന്നു.

18-ാമത്തെ വയസ്സിൽ കത്രീന ഡൊമിനിക്കൻ മൂന്നാം സഭയുടെ വസ്ത്രം സ്വീകരിച്ചു. പ്രാർത്ഥനയിൽ സ്വന്തം മുറിയിൽ കഴിച്ചുകൂട്ടി, മൂന്നു വർഷം കുമ്പസാരക്കാരനോടല്ലാതെ മറ്റാരോടും സംസാരിച്ചിരുന്നില്ല. സംഭാഷണമൊക്കെ ദൈവത്തോടായിരുന്നു. ഒരു കുഷ്ഠരോഗിയെയും ഒരു കാൻസർ രോഗിയെയും അവൾ ശുശ്രൂഷിച്ചു. അവരിൽ നിന്നു ലഭിച്ച പ്രതിഫലം ഏഷണി മാത്രമായിരുന്നു. പിന്നീട് അവർ മാനസാന്തരപ്പെട്ട് കുറ്റത്തിനു മാപ്പ് ചോദിച്ചു. 1374-ൽ രാജ്യമാസകലം സാംക്രമികരോഗം പടർന്നുപിടിച്ചപ്പോൾ അനേകരെ അവൾ ശുശ്രൂഷിച്ചു. അവളുടെ പ്രാർത്ഥന വഴി അനേകം പേർ സൗഖ്യം പ്രാപിച്ചു. നിരവധി പാപികളെ അവൾ മാനസാന്തരപ്പെടുത്തി. ഒരശുദ്ധ പരീക്ഷണത്തിനുശേഷം ദിവ്യഗുരു പ്രത്യക്ഷപ്പെട്ടപ്പോൾ അവൾ ചോദിച്ചു. 'ഞാൻ പരിത്യക്തയായി കഷ്ടപ്പെട്ടപ്പോൾ ദിവ്യ മണവാളാ അങ്ങ് എവിടെയായിരുന്നു?' 'ഞാൻ നിന്റെ കൂടെയായിരുന്നു, ആ മലിന സാഹചര്യത്തിൽ എന്റെ സാന്നിധ്യം കൊണ്ടാണു നീ വിജയം നേടിയത്'.




മക്കളുടെ ഏറ്റവും നല്ല സുഹൃത്താകാൻ മാതാപിതാക്കൾക്കു കഴിയുക എന്നത് ചെറിയ കാര്യമല്ല. എങ്ങനെയാണ് കുട്ടികളെ കൂട്ടുകാരാക്കുക എന്നത് എല്ലാ മാതാപിതാക്കളുടെയും സംശയമാണ്. ആദ്യം നല്ലൊരു ശ്രോതാവാകുക. കേൾക്കാൻ കാതു കൊടുക്കുന്നവനേ കേൾപ്പിക്കാൻ കാതു ലഭിക്കൂ എന്നു കേട്ടിട്ടില്ലേ?

## 1. ചെറിയ കാര്യങ്ങൾ പറഞ്ഞുതുടങ്ങുക

കുട്ടികൾ സംസാരിക്കാനുള്ള തങ്ങളുടെ താത്പര്യം പ്രകടിപ്പിക്കുന്നത് ചില സൂചനകളിലൂടെയാണ്. അത് തിരിച്ചറിയുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. തിരിച്ചറിഞ്ഞാൽ നിങ്ങൾ ചെയ്യുന്ന ജോലി മാറ്റിവച്ച് അവന്റെ ചോദ്യത്തിന് ശ്രദ്ധിക്കുക. പ്രത്യേകിച്ച് എട്ട് വയസ്സ് കഴിഞ്ഞ കുട്ടികളുടെ കാര്യത്തിൽ നിങ്ങൾ അവനോട് എങ്ങനെ പ്രതികരിക്കുന്നുവെന്നത് അവനുമായുള്ള ബന്ധം വളർത്തുന്നതിന് പ്രധാനപ്പെട്ട ഘടകമാണ്. മറ്റെല്ലാം മാറ്റിവച്ച് അവനെ ശ്രദ്ധിക്കുമ്പോൾ, ആവശ്യമുള്ളപ്പോൾ നിങ്ങളെ സമീപിക്കാമെന്നും നിങ്ങളെ ആശ്രയിക്കാമെന്നുമുള്ള ബോധ്യം അവനിൽ വളർന്നുവരും.

## 2. വിശേഷങ്ങൾ ചോദ്യങ്ങളായി ചോദിക്കുക

കുട്ടികൾക്ക് സംഭവിക്കാവുന്ന കാര്യങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കുക. ഇന്ന് സ്കൂളിൽ നിനക്ക് ഏറ്റവും ഇഷ്ടപ്പെട്ട

കാര്യം എന്തായിരുന്നു. ഇന്ന് ലഞ്ച് കഴിക്കാൻ ആരായിരുന്നു കൂട്ട്? അല്ലെങ്കിൽ ഇന്നത്തെ ഫുട്ബോൾ മാച്ചിൽ ആരാണ് ജയിച്ചത്? സ്കൂൾ വിശേഷങ്ങൾ ഇങ്ങനെ ചോദിക്കുമ്പോൾ ഉത്തരം പറയാനുള്ള ഉത്സാഹം അവർ കൂടുതൽ കാണിക്കും. എന്തുകൊണ്ട് എന്ന് തുടങ്ങുന്ന ചോദ്യങ്ങൾ കഴിവതും ഒഴിവാക്കുക. അത് കുട്ടികളെ സംസാരിക്കാൻ പ്രേരിപ്പിക്കണമെന്നില്ല.

### 3. ഉപദേശം വേണ്ട

തങ്ങളുടെ വികാരങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കാൻ കുട്ടികൾ ഇഷ്ടപ്പെടുന്നു. അതിന് അവർക്ക് അവസരം കിട്ടണം. അതിന് മുൻപ് നിങ്ങൾ ഉപദേശവുമായി എടുത്തു ചാടരുത്. കുട്ടികൾക്ക് അവരുടേതായ പരിഹാരമാർഗ്ഗങ്ങളുണ്ട്. അവരത് പരീക്ഷിക്കട്ടെ. അതിലൂടെയാണ് അവരുടെ ആത്മവിശ്വാസം വളരുന്നത്. പരിഹാരവും ഉപദേശവുമായി നിങ്ങൾ എടുത്തുചാടുകയാണെങ്കിൽ അത് അവരുടെ ആത്മവിശ്വാസത്തെ നശിപ്പിക്കും. കഴിവില്ലാത്തവനാണ് താനെന്ന് അവന് തോന്നും. അവരുടെ വികാരങ്ങളെ അംഗീകരിക്കുകയും അവരുടേതായ പരിഹാരങ്ങൾ കേൾക്കുകയും ചെയ്യുമ്പോൾ കുട്ടികൾ നിങ്ങളോട് കൂടുതൽ സംസാരിക്കാൻ ഇഷ്ടപ്പെടും. പിന്നീട് പ്രശ്നങ്ങൾ വരുമ്പോൾ അവർ നിങ്ങളെ സമീപിക്കും.

### 4. എല്ലാ ദിവസവും കുട്ടികളുമായി സംസാരിക്കാൻ സമയം കണ്ടെത്തുക

എല്ലാ ദിവസവും കുറച്ചു സമയമെങ്കിലും കുട്ടികളോട് വ്യക്തിപരമായി സംസാരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. എന്തിനെപ്പറ്റിയും സംസാരിക്കാം. കുട്ടികൾക്ക് താത്പര്യമുള്ള എന്തും വിഷയമായി വരാം. കുട്ടികളുമായി സൗഹൃദം സ്ഥാപിക്കാൻ ഒരുമിച്ച് ചില കാര്യങ്ങളിൽ ഏർപ്പെടുകയും ചെയ്യാം. കൗമാരക്കാരായ മകനുമായി ഒരു ചെറിയ ഔട്ടിങ് ആകാം. അല്ലെങ്കിൽ എന്നും കിടക്കുന്നതിനു മുൻപ് ഒരുമിച്ച് കുടിക്കുന്ന ഒരു കപ്പ് പാലാകാം സംസാരത്തിന് അവസരം സൃഷ്ടിക്കുക.

### 5. ഓരോ കുട്ടിക്കായും പ്രത്യേക സമയം മാറ്റിവയ്ക്കുക

അച്ഛനും മകളും ആഴ്ചയിലൊരിക്കൽ ഷോപ്പിംഗിന് പോകുന്നതും അമ്മയും മോനും ഒരുമിച്ച് നടക്കാൻ പോകുന്നതും ബന്ധങ്ങളുടെ വേരുകൾ കൂടുതൽ ആഴത്തിലിറങ്ങാൻ സഹായിക്കും. കുട്ടികൾക്കായി മാതാപിതാക്കൾ മാസത്തിലൊരിക്കലോ ആഴ്ചയിലൊരിക്കലോ ഒരു ദിവസം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ കുട്ടികൾ ആ

ദിവസം വരാൻ കാത്തിരിക്കും. അതുപോലെ പല കുട്ടികൾ ഉണ്ടെങ്കിൽ ഓരോ കുട്ടിക്കായും പ്രത്യേകം സമയം ചിലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## 6. എപ്പോഴും സംലഭ്യരാകുക



ടൈംടേബിൾ വച്ച് സംസാരിക്കുന്നവരല്ല കുട്ടികൾ. സംസാരിക്കാൻ നിർബന്ധിച്ചാൽ അവർ മൗനികളാകുകയും ചെയ്യും. കുട്ടികൾക്ക് ഇഷ്ടമുള്ളപ്പോളാകും അവർ സംസാരം തുടങ്ങുക. അവർ സംസാരിക്കട്ടെ. ഒരു നല്ല ശ്രോതാവാകുകയാണ് ഉത്തമം. നിങ്ങളുടെ സാന്നിദ്ധ്യം അവർക്ക് കൂടുതൽ സഹായകരമാകും.

സാധാരണയായി തീരെ ചെറിയ കുട്ടികൾക്ക് സംസാരിക്കാൻ മടിയൊന്നുമുണ്ടായിരിക്കില്ല. കുട്ടികളുമായി ഒന്നിച്ചിരിക്കാൻ കഴിയുന്നത് ചിലപ്പോൾ തുണികൾ മടക്കുമ്പോഴോ അയൺ ചെയ്യുമ്പോഴോ ഒക്കെയായിരിക്കാം. ഉപാധികളും പരിധികളുമില്ലാതെ അവർ സംസാരിക്കുന്ന സമയമാണത്. അങ്ങനെയുള്ള അവസരങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്തരുത്. നിങ്ങളോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മുതിർന്ന കുട്ടികൾ നിങ്ങളോട് സംസാരിക്കുക. കൗമാരക്കാരും യുവാക്കളും സ്വകാര്യത ഇഷ്ടപ്പെടുന്നുവെന്ന് മറക്കരുത്. അതിലേക്ക് നിങ്ങൾ അതിക്രമിച്ചു കടക്കരുത്.

## 7. നേരിട്ടല്ലാതെയും സംഭാഷണത്തിലേർപ്പെടണം

നടക്കാൻ പോകുമ്പോഴോ, കാറിൽ യാത്ര ചെയ്യുമ്പോഴോ ഒക്കെയാണ് കുട്ടികൾ സംസാരിക്കാനിഷ്ടപ്പെടുക. കുട്ടികളുടെ വിശേഷങ്ങൾ ഏറ്റവുംകൂടുതൽ പുറത്തുവരുന്ന സമയമാണിത് എന്ന് മനസ്സിലാക്കണം. കേൾവിക്കാരന്റെ റോളായിരിക്കും മാതാപിതാക്കൾക്ക്, നേരിട്ടു സംസാരിക്കുന്നതിനേക്കാൾ കൂടുതൽ അവർ സംസാരിച്ചെന്നിരിക്കും. ഏറ്റവും പ്രധാനം കുട്ടികളെ ശ്രദ്ധയോടെ കേൾക്കുകയാണെന്ന് മറക്കാതിരിക്കുക.

# നോമ്പുകാലം

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. ദനഹാക്കാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതു നോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക.

മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പുതിരുനാൾ വരെ നോമ്പുനോക്കിയിരുന്നതാകാം 'അമ്പതു നോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിപ്പിക്കൽ', 'തിരിഞ്ഞുനോക്കൽ' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദംകൊണ്ട് ഉദ്ദേശിക്കുന്നത്.

മാമ്മോദീസാവഴി ദൈവമക്കളും പുതിയ മനുഷ്യരായിത്തീർന്ന നാം പാപംവഴി ദൈവത്തിൽ നിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോ മിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്. ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജനം നടത്തേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്കു പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്കു പ്രവേശിക്കാം.

# കുടുംബം ഒരു ഗാർഹിക സഭ

**ഗ്രേസി തറപ്പിൽ**

കൂടരഞ്ഞി പള്ളിയുടെ ചരിത്രത്തിൽ ഒരു തിരുനാൾ കൂടി വളരെ മനോഹരമായിത്തന്നെ കടന്നുപോയി. മനസ്സിനെ ഇത്രയധികം സ്വാധീനിച്ച ഒരാഘോഷം എന്റെ ജീവിതത്തിൽ വേറെ ഉണ്ടായി ട്ടില്ല. അറുപതുകളിലും എഴുപതുകളിലും എൺപതുകളിലുമെല്ലാം കൂടരഞ്ഞിയിലും ഇതിന് ചുറ്റുമുള്ള ഇടവകകളിലുമെല്ലാം ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന ദിവസങ്ങളായിരുന്നു ജനുവരി 19 ഉം, 20 ഉം ദിനങ്ങൾ. ഓരോ പെരുന്നാൾ കടന്നുപോകുമ്പോഴും അടുത്ത ഒരു ജനുവരിക്കായി എല്ലാവരും കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കും. ഈസ്റ്ററോ, ക്രിസ്തുമസ്സോ, പുതുവർഷമോ ഒന്നും ഇത്ര തീക്ഷ്ണതയോടെ ആരും ആഘോഷിച്ചിട്ടുണ്ടാവില്ല.

21-ാം നൂറ്റാണ്ടായപ്പോഴേക്കും ആഘോഷങ്ങളുടെ രീതികളും, ജനങ്ങളുടെ ചിന്താഗതികളും മാറി. പള്ളികളിലെ ആഘോഷങ്ങ ളെല്ലാം കുറയുകയും, വീടുകളിൽ ആഘോഷങ്ങളും ആർഭാടങ്ങളും കൂടുകയും ചെയ്തു. ജന്മദിനങ്ങൾ മുതൽ ജൂബിലികൾ വരെ എല്ലാം ആഘോഷങ്ങളാണ്. പണ്ടൊക്കെ ഞങ്ങളൊന്നും ഓർമ്മിക്കുക പോലും ചെയ്യാതെ ധാരാളം ജന്മദിനങ്ങൾ കടന്നുപോയിട്ടുണ്ട്. പക്ഷേ അതിനൊന്നും ആർക്കും പരാതിയില്ല., പരിഭവവുമില്ല. എന്നാൽ ദൈവത്തിന്റെ അനുഗ്രഹം അന്നും ഇന്നും ഒരുപോലെ തന്നെ യാണ്. ''യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ യാണ്. വിവിധങ്ങളും വിചിത്രങ്ങളുമായ പ്രബോധനങ്ങൾ നിങ്ങളെ വഴിതെറ്റിക്കരുത്. ഭക്ഷണത്താലല്ല കൃപാവരത്താൽ ഹൃദയത്തെ ശക്തമാക്കുന്നതാണ് ഉചിതം.'' (ഹെബ്രാ 13,8)

നമ്മുടെ ധാർമ്മിക മൂല്യങ്ങൾക്ക് അപചയം സംഭവിച്ചുകൊണ്ടാ ണിരിക്കുന്നത്. എല്ലാവരും അവനവന്റെ കഴിവിലാണ് കൂടുതലും ആശ്രയിക്കുന്നത്. ''സ്വന്തം കഴിവിൽ ആശ്രയിച്ച് ഹൃദയാഭിലാ ഷങ്ങൾക്കൊത്ത് ജീവിക്കരുത്'' (പ്രഭാ. 5:2). ''എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്'' (യാക്കോ. 2:14). അതു കൊണ്ട് പുറമേയുള്ള ആഘോഷങ്ങളല്ല, വിശ്വാസത്തിനു യോജിച്ച പ്രവൃത്തികളാണ് നമുക്ക് വേണ്ടത്.

എത്ര ഗംഭീരമാക്കി വിവാഹാഘോഷങ്ങളെല്ലാം നടത്തിയാലും അതിലൊരു ശതമാനം ആളുകളും അധിക നാൾ കഴിയും മുമ്പേ അകൽച്ചയിലേക്കു നീങ്ങുന്നു. ഇപ്പോൾ 'സെപ്പറേറ്റഡ്' എന്ന സ്റ്റാറ്റസ് ഒരു മേന്മപോലെയാണ് പലരും പറയുന്നത്. അഡ്ജസ്റ്റ് ചെയ്യാനോ

അംഗീകരിക്കാനോ ആരും തയ്യാറല്ല എന്ന് ചുരുക്കം. വിവാഹബന്ധം ദൈവീകമാണെന്നാണ് മലയിലെ പ്രസംഗത്തിൽ ഈശോ പഠിപ്പിച്ചിട്ടുള്ളത്. പണ്ടുകാലങ്ങളിലെല്ലാം ഭർത്താവിനെ ആശ്രയിച്ച് സുഖവും ദുഖവും ആരോഗ്യവും അനാരോഗ്യവും സമ്പത്തും ദാരിദ്ര്യവുമെല്ലാം ഒന്നിച്ചനുഭവിച്ച് മുന്നോട്ടുനീങ്ങുന്നതായിരുന്നു കുടുംബം. കുടുംബബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കയാണ്. ഒരു വിട്ടുവീഴ്ചയ്ക്ക് ആരും തയ്യാറല്ല. പ്രശ്നം ആരുടേയാണെന്ന് പറയാൻ കഴിയില്ല. കാരണം 'ആശാരിയുടെ ചെത്തിലുമുണ്ട്, തടിയുടെ വളവിലുമുണ്ട് കുഴപ്പം'. ശക്തമായ ഒരടിസ്ഥാനമാണ് നമുക്കാവശ്യം.

'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' (മത്താ. 10:9). ദൈവവചനങ്ങൾ പാലിക്കുകയും അനുസരിക്കുകയും ചെയ്യാത്തതുകൊണ്ടാണ് ഇത്തരം അഹങ്കാരം മനസ്സിനെ കീഴടക്കുന്നത്. ''നിങ്ങൾ വചനം കേൾക്കുകമാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ, അത് അനുവർത്തിയ്ക്കുന്നവരും ആയിത്തീരുവിൻ'' (യാക്കോ.1:22). ''ദൈവവചനം അനുസരിക്കാത്തതാണ് എന്റെ പാപം'' (1 യോഹ. 3:4). ഗവേഷണങ്ങളിലൂടെയും പര്യവേഷണങ്ങളിലൂടെയും ലോകംമുന്നേറുമ്പോൾപൂർണ്ണമായിഅതിനുപിന്നാലെപോവാതെഅടുത്തുള്ളവരെ ആഴത്തിലറിയാൻ ശ്രമിക്കണം. അണിയറയിലെ പ്രവർത്തനങ്ങളും നമ്മുടെ അരങ്ങത്തുള്ള പ്രകടനത്തിന് മാറ്റുകൂട്ടും. ''ഏത് അവസ്ഥയിൽ നിങ്ങൾ വിളിയ്ക്കപ്പെടുന്നുവോ, ആ അവസ്ഥയിൽ ദൈവത്തോടൊത്ത് നിലനിൽക്കുവിൻ (1 കോറി. 7:24).

കുടുംബം ഗാർഹിക സഭയാണെന്നും ഒരു പരിശീലനകളരിയാണെന്നും ദേവാലയമാണെന്നുമെല്ലാം നമ്മുടെ ധാർമ്മിക നിയമങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. കുടുംബത്തിന്റെ അടിത്തറ സ്നേഹമാണ്. സ്നേഹം വാക്കിലും പ്രവൃത്തിയിലും പങ്കുവെയ്ക്കണമെന്നെല്ലാം നാം ആവർത്തിക്കുമ്പോഴും, സ്നേഹത്തിന്റെ അഭാവം പല കുടുംബങ്ങളിലും നിലനിൽക്കുന്നുണ്ട്. അത് അറിവില്ലായ്മ കൊണ്ടാണോ, അതോ അഹങ്കാരം കൊണ്ടാണോയെന്ന് പറയാൻ വയ്യ. ദൈവത്തിന് മഹത്വം കൊടുക്കാത്ത അവസ്ഥയാണ് അഹങ്കാരം. ''അഹങ്കാരം കർത്താവിനേയും മനുഷ്യരേയും വെറുപ്പിക്കുന്നു'' (പ്രഭാ. 10:9). ''പൊടിയും ചാരവുമായ മനുഷ്യന് അഹങ്കരിക്കാൻ എന്തുണ്ട്?'' (പ്രഭാ. 10:9) കുടുംബമെന്ന പരിശീലനക്കളരിയിലുണ്ടാകുന്ന അപക്വമായ തെറ്റിദ്ധാരണകളും തീരുമാനങ്ങളുമാണ് പലപ്പോഴും വലിയ വിപത്തിലേയ്ക്ക് നയിക്കുന്നത്. ''ഓരോ പ്രവൃത്തിയും ചെയ്യുമ്പോൾ ജീവിതാന്തസ്സിനെപ്പറ്റി ഓർക്കണം. എന്നാൽ നീ പാപം ചെയ്യുകയില്ല'' (പ്രഭാ 7:36) മറ്റുള്ളവരുടെ പ്രവർത്തികൾ നോക്കിയല്ല നമ്മെ വിധിക്കുന്നത്. അതിനാൽ ''മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ. ഇതാണ് നിയമവും പ്രവാചകന്മാരും'' (മത്താ. 7:12). ഈ

ക്രിസ്തുവചനമാണ്, ക്രിസ്ത്യാനിയുടെ ധാർമ്മികനിയമങ്ങളുടെ മാനദണ്ഡം.

മനുഷ്യജീവിതത്തിൽ തെറ്റുകളും ശരികളും സംഭവിക്കാം. എല്ലാം തെറ്റായിട്ടോ എല്ലാം ശരിയായിട്ടോ ആരുമുണ്ടാവില്ല. ചെറിയ തെറ്റുകൾ ഊതിവീർപ്പിച്ച് വലിയ പ്രശ്നങ്ങളാക്കുകയാണ് പലപ്പോഴും. ഓരോ വാദവും നടത്തുമ്പോൾ, ആരാണ് തെറ്റുകാരൻ എന്ന് കണ്ടെത്തുന്നതിനേക്കാൾ എന്താണ് തെറ്റ് എന്ന് വിലയിരുത്താനായാൽ ഒരു തെറ്റും ആവർത്തിയ്ക്കപ്പെടുകയില്ല. പാപം ചെയ്യാതിരിക്കുകയും, നിരന്തരം പ്രാർത്ഥിക്കുകയും ചെയ്താൽ മാത്രം പോര, ക്ഷമിക്കുന്ന സ്നേഹവും കൂടി ഉണ്ടെങ്കിൽ മാത്രമേ ക്രൈസ്തവ ജീവിതം പൂർണ്ണതയിലെത്തുകയുള്ളൂ. കുടുംബത്തിലുണ്ടാകുന്ന ചെറിയ പരിഭവങ്ങൾ പോലും കാലപ്പഴക്കം കൊണ്ട് ഇല്ലാതാകുന്നതിനേക്കാൾ നല്ലത്, അപ്പപ്പോൾ പറഞ്ഞു തീർക്കുന്നതാണ്. ''കോപിയ്ക്കാം, എന്നാൽ പാപം ചെയ്യരുത്. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതു വരെ നീണ്ടുപോകാതിരിക്കട്ടെ. സാത്താന് നിങ്ങൾ അവസരം കൊടുക്കരുത്'' (എഫേ. 4:26-27). പലതവണ തെറ്റുകൾ ആവർത്തിച്ചാണ് ജീവിതത്തിലെ പല പാഠങ്ങളും നാം പഠിച്ചത്. പലവട്ടം വീണിട്ടാണ് നടക്കാൻ പഠിച്ചതുപോലും. അതുകൊണ്ട് തെറ്റായ തീരുമാനങ്ങൾ തിരുത്താനും നാം തയ്യാറാവണം. അങ്ങനെ ഉത്തമമായ ക്രിസ്തീയജീവിതം നയിക്കുന്നവരായി നാം മാറണം. അറിവുകൾ അനുഭവങ്ങളാക്കി മാറ്റാൻ നമുക്ക് കഴിയണം. ''ആകയാൽ ദൈവത്തിന്റെ കോപം ഒഴിവാക്കാൻ മാത്രമല്ല, മന:സാക്ഷിയെ മാനിച്ചും നിങ്ങൾ വിധേയത്വം പാലിക്കുവിൻ'' (റോമ13:5).



# അഭിനന്ദനങ്ങൾ

**ഓയിസ്ക ഇന്റർനാഷണൽ**, കൂടരഞ്ഞി ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ **ടോപ്പ് ടീൻ കോൺടെസ്റ്റിൽ** വിജയിയായി തെരഞ്ഞെടുക്കപ്പെട്ട കുമാരി **ബ്ലസ്സി തങ്കച്ചൻ**. ജപ്പാനിൽ രണ്ട് വർഷത്തെ ഉപരി പഠനത്തിനുള്ള സ്കോളർഷിപ്പാണ് ലഭിച്ചത്. കൂടരഞ്ഞിയിൽ വാരകാപ്പിള്ളിൽ തങ്കച്ചന്റെയും ആലീസിന്റെ മകളാണ് ബ്ലസ്സി.

# ഉയിർപ്പുകാലം



ഉയിർപ്പുതിരുന്നാൾ മുതൽ പന്തക്കുസ്താ വരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. അപ്രകാരമുള്ള ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഉയിർപ്പുകാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്. ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും മേൽ അവിടുന്ന് വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെയും അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നൽകിയിരുന്നത് ഉയിർപ്പുതിരുന്നാളിനോട് അനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ അങ്ങനെ നാം അവന്റെ മരണത്തോട് ഐക്യപ്പെടുത്തിയ മാമ്മോദീസയാൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. അത്, മിശിഹാ മരിച്ചവരിൽ നിന്ന് പിതാവിന്റെ മഹത്ത്വത്താൽ ഉയിർത്തെഴുന്നേറ്റപോലെ, നാമും ജീവന്റെ പുതുമയിൽ നടക്കേണ്ടതിനാണ്. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചെങ്കിൽ ഉത്ഥാനത്തോടും ഏകീഭവിക്കും (റോമാ 6:4-5).

ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ച പുതുക്രിസ്ത്യാനികളുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു. അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുന്നാളിനോടനുബന്ധിച്ച് മാമ്മോദീസ നൽകുക ഉചിതമായിരിക്കും.

## 3–ാം ചരമവാർഷികം
17.04.2019



# ചാക്കോ വർഗീസ്
## പെണ്ണാപറമ്പിൽ

ജനനം: 10.09.1918
മരണം: 17.04.2016

സന്തപ്ത കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്



41–ാം ചരമദിനം

# മറിയം മത്തായി
## ഇടിഞ്ഞാറപ്പിള്ളിൽ

ജനനം : 03.04.1920
മരണം : 20.01.2019

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# വിശ്വാസവും വ്യാഖ്യാനവും

## നരകവും സ്വർഗ്ഗവും നിത്യമാണ്

ഭൂമിയിലായിരിക്കുമ്പോൾ തിന്മ പ്രവർത്തിച്ചു ജീവിക്കുകയും ദൈവനിഷേധത്തിൽ ആനന്ദിക്കുകയും ചെയ്യുന്നവർ മരണശേഷം എത്തിച്ചേരുന്ന അവസ്ഥയായിട്ടാണ് നരകത്തെക്കുറിച്ച് സഭ പഠിപ്പിക്കുന്നത്.

1. പഴയനിയമത്തിൽ സകല മരിച്ചവരും ചെന്നെത്തുന്ന സ്ഥലമായി പാതാളത്തെ അവതരിപ്പിക്കുന്നു. ഹീബ്രുവിൽ ഷെയാൾ എന്നും ഗ്രീക്കിൽ ഹാദെസ് എന്നുമാണ് പാതാളത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദങ്ങൾ. ഭൂമിക്കടിയിലെ ഗർത്തം എന്ന അർത്ഥത്തിലാണ് ഈ പദങ്ങൾ ഉപയോഗിച്ചിരുന്നത്. ആർക്കും മടങ്ങിവരാനാവാത്ത (ജോബ് 7:9), അന്ധകാരാവൃതവും ശൂന്യവുമായ (ജോബ് 10:21-22) പാതാളം സകല മനുഷ്യരുടെയും അന്ത്യവിശ്രമസ്ഥലമാണ് (സുഭാ 1:12) പാതാള വാസികളെ ദൈവം പോലും ഓർക്കുന്നില്ലെന്നും യഹൂദർ കരുതിയിരുന്നു. (സങ്കീ. 88:5-6) മൃതശരീരം മണ്ണിൽ കുഴിയെടുത്ത് മറവു ചെയ്യുന്ന പതിവ് നിലനിന്നിരുന്ന യഹൂദരെ സംബന്ധിച്ചിടത്തോളം മണ്ണിനടിയിൽ അവസാനിക്കുന്നതായാണ് അവർ ജീവിതത്തെ മനസ്സിലാക്കിയിരുന്നത്. മരണാനന്തര ജീവിതത്തിൽ വിശ്വാസമില്ലാതിരുന്ന കാലത്ത് മനുഷ്യന്റെ ജീവിതം ശവക്കുഴിയിൽ (ഭൂമിക്കുള്ളിൽ) അവസാനിച്ചു എന്ന അർത്ഥത്തിലാണ് യഹൂദർ പാതാളം എന്ന പദം ഉപയോഗിച്ചിരുന്നത്. എന്നാൽ സകല മനുഷ്യരും പാതാളത്തിൽ അവസാനിക്കുന്നു എന്ന ചിന്ത നീതിക്കു നിരക്കുന്നതല്ല എന്ന ചിന്ത സാവകാശം ദൈവജനത്തിന് വെളിപ്പെടുത്തപ്പെട്ടു. തിന്മ ചെയ്തവർ പാതാളത്തിന്റെ ശൂന്യതയിൽ പതിക്കുമ്പോൾ നന്മ ചെയ്തവർ ദൈവകാരുണ്യത്തിന്റെ അനുഭവത്തിൽ പങ്കാളികളാക്കപ്പെടുന്നു എന്ന വിശ്വാസം യഹൂദരുടെയിടയിൽ രൂഢമൂലമായി. (ഉദാ. ജ്ഞാനം 4:7-14), നന്മ ചെയ്തവർ നീതിമാന്മാരായ പൂർവ്വികരുടെ കൂട്ടായ്മയിൽ എത്തിച്ചേരുന്നു എന്ന അർത്ഥത്തിൽ നന്മ ചെയ്തവരുടെ നിത്യവിശ്രമ സ്ഥലത്തെ അബ്രാഹത്തിന്റെ മടിത്തട്ട് (Apocalyptic thought) നിത്യശിക്ഷയെക്കുറിച്ച് മറ്റൊരു ചിന്താഗതി രൂപം കൊണ്ടു. യൂദാരാജാക്കന്മാരായ ആഹാസും മനാസ്സെയും സ്വന്തം മക്കളെ നരബലിയർപ്പിച്ചു. മ്ലേച്ഛമാക്കിയ ബെൻഹിന്നോം താഴ്‌വര (2 ദിന 28:3, 33:6) ദൈവകോപാഗ്നി ആളിക്കത്തുന്ന നിത്യശിക്ഷയുടെ സ്ഥലമാകുമെന്ന് (ഗെഹന്ന) ജറെമിയ 7:32 ന്റെയും 19:6 ന്റെയും വെളിച്ചത്തിൽ മാലിന്യങ്ങൾ കൂട്ടിയിട്ടുകത്തിച്ചിരുന്നതിനാൽ അവിടെ അഗ്നി സദാ കെടാതെയുണ്ടായിരുന്നു. കത്താതെ അവശേഷിക്കുന്ന

മാലിന്യങ്ങളിൽ പുഴുക്കളും സർവ്വസാധാരണമായിരുന്നു. കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ ഈ താഴ്‌വര (ഗെഹെന്ന) നരകത്തിന്റെ പ്രതീകമായി മാറുന്നത് ഈ പശ്ചാത്തലത്തിലാണ്.

സുവിശേഷങ്ങളിൽ ഗെഹന്നാ എന്ന പദത്തെ നരകം എന്നാണ് മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത്. (മത്താ 5:22; 10-28, 18:9, 23:15, മർക്കോ 9:43, 45-47, ലൂക്കാ 12:5) നരകത്തെ സൂചിപ്പിക്കാൻ മറ്റു പദങ്ങളും പ്രതീകങ്ങളും പുതിയ നിയമം ഉപയോഗിക്കുന്നുണ്ട്. കെടാത്ത അഗ്നി (മത്താ 18:8), നരകാഗ്നി (മത്താ 5:22), അഗ്നികുണ്ഠം (മത്താ 13:42), വിലാപത്തിന്റെയും പല്ലുകടിയുടെയും സ്ഥലം (മത്താ 8:12, 13:42, 22:13), പുഴു ചാകാത്തതും തീ കെടാത്തതുമായ സ്ഥലം (മർക്കോ 9:48), പുറത്തെ അന്ധകാരം (മത്താ 8:12, 22:13), അഗ്നിത്തടാകം (വെളി 20:10, 14-) തുടങ്ങിയ സംജ്ഞകളും നരകത്തെയാണ് വിവക്ഷിക്കുന്നത്.

2. നരകശിക്ഷ നിത്യമല്ലെന്നും നരകത്തിൽ ആയിരിക്കുന്ന ആത്മാക്കളോട് വചനം പ്രസംഗിച്ചു രക്ഷിക്കാനാവുമെന്നും പഠിപ്പിക്കുന്നത് സത്യവിശ്വാസത്തിന് വിരുദ്ധമാണ്. എ.ഡി. 543 ലെ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ പഠിപ്പിക്കുന്നു. നരകശിക്ഷ നിത്യമല്ലെന്നു പഠിപ്പിക്കുന്നവൻ ശപിക്കപ്പെട്ടവനാകുന്നു. പിശാചുകൾക്കും തിന്മ പ്രവർത്തിച്ചവർക്കുമായി നൽകപ്പെടുന്ന നരകശിക്ഷ നിത്യമല്ലെന്നു പഠിപ്പിക്കുന്നവരെല്ലാം ശപിക്കപ്പെട്ടവരാകുന്നു. 1215 ലെ ലാറ്ററൻ കൗൺസിലും നരകശിക്ഷയുടെ നിത്യതയെ ഊന്നിപ്പറയുന്നു. നരകത്തിലായ ആത്മാക്കൾ പിശാചിനോടൊപ്പം നിത്യശിക്ഷയ്ക്കും പീഡനത്തിനും വിധേയമാണ്. സഭയുടെ സാർവ്വത്രിക മതബോധന ഗ്രന്ഥവും ഈ ആശയം അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. മാരകപാപത്തോടെ മരിക്കുന്നവരുടെ ആത്മാക്കൾ മരണനിമിഷത്തിൽത്തന്നെ നരകത്തിൽ നിപതിക്കുന്നു. ദൈവത്തിൽ മാത്രമേ മനുഷ്യന് ജീവനും സന്തോഷവും കണ്ടെത്താൻ കഴിയൂ. അതിനു വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. അവന്റെ ഏറ്റവും വലിയ ആത്മദാഹവും അതുതന്നെയാണ്. ആ ദൈവത്തിൽ നിന്ന് എന്നേക്കുമായി അകറ്റപ്പെടുക എന്നതുതന്നെയാണ് ഏറ്റവുംവലിയ നരകശിക്ഷ. (സി.സി.സി. 1033-1037)

## നിത്യശിക്ഷ - ബൈബിൾ വീക്ഷണത്തിൽ

1. നരകശിക്ഷ നിത്യമാണെന്ന് വിശുദ്ധ വചനം അസന്ദിഗ്ധമായി പഠിപ്പിക്കുന്നുണ്ട്.

മത്താ 25:41 - ശപിക്കപ്പെട്ടവരെ നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമായിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ.

മത്താ 25:46 - ഇവൻ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യ രക്ഷയിലേക്കും പ്രവേശിക്കും.

2. നരകശിക്ഷ നിത്യമാണെങ്കിൽ അവിടെ നിന്ന് ആത്മാക്കളെ രക്ഷിക്കുക അസാധ്യമാണെന്ന് നാം മനസ്സിലാക്കണം.

3. മരണശേഷമുള്ള മാനസാന്തരം അസാധ്യമാണെന്ന് വി.ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. കതകടച്ചു കഴിഞ്ഞു വരുന്ന കന്യകമാരും (മത്താ 25:11-13), യജമാനൻ വരുമ്പോൾ നിരുത്തരവാദപരമായി പെരുമാറിയ ഭൃത്യനും (മത്താ 24:47-51) നിത്യമായും പുറത്താക്കപ്പെടുന്നു. തീരുമാനമെടുക്കാനും തിരുത്താനുമുള്ള നിശ്ചിത സമയം കഴിഞ്ഞാൽ അത് സാധ്യമാവില്ല എന്നാണ് ഈ ഉപമകളിലൂടെ യേശു വ്യക്തമാക്കുന്നത്. കർത്താവേ, എപ്പോഴാണ് ഞങ്ങൾ അങ്ങയെ വിശക്കുന്നവനും ദാഹിക്കുന്നവനും നഗ്നനും... ആയി കണ്ടത്? എന്ന നീതിരഹിതരുടെ ചോദ്യം പശ്ചാത്താപത്തിന്റെ ലാഞ്ഛന കലർന്നതാണ്. പക്ഷേ അവരുടെ പശ്ചാത്താപം അവരെ നിത്യ ശിക്ഷയിൽ നിന്നും രക്ഷിക്കുന്നില്ല. (മത്താ 25:44-46) ആർക്കും ജോലി ചെയ്യാൻ കഴിയാത്ത രാത്രികാലം വരുന്നു (യോഹ 9:4) എന്ന മുന്നറിയിപ്പ് മരണശേഷം മാനസാന്തരം അസാധ്യമാണ് എന്ന സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

4. ദൈവം ആരെയും നരകശിക്ഷക്കായി മുൻകൂട്ടി നിശ്ചയിച്ചിട്ടില്ല. മനുഷ്യൻ തന്റെ സ്വാതന്ത്ര്യമുപയോഗിച്ച് ദൈവഹിതത്തിനെതിരായി പ്രവർത്തിക്കുമ്പോഴാണ് നരകത്തിന് അർഹനാകുന്നത്. ദൈവത്തിന്റെ നിരന്തരമായ മുന്നറിയിപ്പുകളെയും തിരുത്തലുകളെയും അവഗണിച്ച് ജീവിക്കുമ്പോൾ സ്വാഭാവികമായി എത്തിച്ചേരുന്ന അവസ്ഥയാണ് നരകം.

നരകത്തെ ദൈവം വിധിച്ച ശിക്ഷയായിട്ടല്ല, മറിച്ച് ദൈവം മനുഷ്യന് നൽകാൻ ആഗ്രഹിക്കുന്ന രക്ഷയുടെ വിപരീത ബിന്ദുവായിട്ടാണ് മനസ്സിലാക്കേണ്ടത്. രക്ഷയ്ക്കായുള്ള നിരന്തര ക്ഷണത്തെ തള്ളിക്കളഞ്ഞ് ദൈവത്തിൽനിന്ന് ബോധപൂർവ്വം അകലുന്നവർ ചെന്നെത്തുന്ന സ്വാഭാവിക പരിണതിയാണ് നരകം. അന്ധകാരത്തിൽ ജീവിതം ശീലമാക്കിയവർക്ക് പ്രകാശം കാണുക ദുഷ്കരമാണ്. തിന്മയുടെ അന്ധകാരം ശീലിച്ച മനുഷ്യന് നീതിസൂര്യനായ ദൈവത്തെ വിധി ദിനത്തിൽ അഭിമുഖീകരിക്കാനാവില്ല. മാരകപാപാവസ്ഥയിൽ മനുഷ്യൻ ദൈവസാന്നിദ്ധ്യവും ദൈവീക രക്ഷയും വെടിഞ്ഞ് വിപരീത ദിശയിലെത്തുന്നതാണ് നരകാവസ്ഥ. ഈ ആശയം സഭയുടെ സർവ്വത്രിക മതബോധന ഗ്രന്ഥം വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്.

5. മനസ്തപിച്ച് ദൈവത്തിന്റെ കരുണാർദ്രസ്നേഹം സ്വീകരിക്കാതെ ചാവുദോഷത്തിൽ മരിക്കുകയെന്നാൽ നമ്മുടെ സ്വതന്ത്രമായ

തീരുമാനം വഴി ദൈവത്തിൽ നിന്ന് എന്നേക്കുമായി അകറ്റപ്പെടുക എന്നതാണ് അർത്ഥം. ദൈവത്തോടും അവിടുത്തെ വിശുദ്ധരോടു മുള്ള കൂട്ടായ്മയിൽ നിന്ന് ഇപ്രകാരം എന്നേയ്ക്കുമായി സ്വയം വിച്ഛേദിക്കുന്നതിനെയാണ് നരകം എന്നു വിളിക്കുന്നത്.

ജീവിതാവസാനം വരെ വിശ്വസിക്കാനും മാനസാന്തരപ്പെടാനും വിസമ്മതിക്കുന്നവർക്ക് വേണ്ടി നീക്കിവച്ചിരിക്കുന്ന കെടാത്ത അഗ്നിയുടെ ഗേഹെന്നായെക്കുറിച്ച് യേശു പലപ്പോഴും പറയുന്നുണ്ട്. അവിടെ ശരീരവും ആത്മാവും നഷ്ടപ്പെടുന്നു (മത്താ 5,22; 10,28; 11:42, മർക്കോ 9, 43-48) യേശു തന്റെ ദൂതന്മാരെ അയച്ച് തിന്മ പ്രവർത്തിക്കുന്ന സകലരെയും ശേഖരിച്ച് നിത്യാഗ്നിയിൽ എറിയുമെന്ന് വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട് (മത്താ 13, 41-42). ശപിക്കപ്പെട്ടവരെ, എന്നിൽ നിന്നകന്ന്, നിത്യാഗ്നിയിലേക്ക് പോകുവിൻ എന്ന ശിക്ഷാവിധി പ്രഖ്യാപിക്കുമെന്ന മുന്നറിയിപ്പും യേശു നൽകിയിട്ടുണ്ട്.

### സ്വർഗ്ഗം

6. ആദിമാതാക്കളുടെ പാപം മൂലം നഷ്ടമായ ദൈവവുമായുള്ള വരപ്രസാദ ഐക്യം അതിന്റെ പൂർണ്ണതയിൽ തിരികെ നൽകാനാണ് ക്രിസ്തു മനുഷ്യാവതാരം ചെയ്തത്. ക്രിസ്തുവിലൂടെ മനുഷ്യന് മരണശേഷം ലഭിക്കുന്ന സമ്പൂർണ്ണ ദൈവൈക്യത്തിന്റെ അവസ്ഥയാണ് സ്വർഗ്ഗം. പരിധിയില്ലാത്ത പരിപൂർണ്ണതക്കുവേണ്ടി ദൈവം മനുഷ്യനിൽ നിക്ഷേപിച്ച ദാഹത്തിന് ക്രിസ്തുവിലൂടെ ലഭിക്കുന്ന സാക്ഷാത്കാരമായും സ്വർഗ്ഗത്തെ മനസ്സിലാക്കാം.

മരണാനന്തരമോ നീതിമാന്മാർക്കു ലഭിക്കുന്ന സ്വർഗ്ഗഭാഗ്യത്തെക്കുറിച്ച് വി. ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്. ഒരു ഉപദ്രവവും അവരെ സ്പർശിക്കുകയില്ല. അവർ മരിച്ചതായി ഭോഷന്മാർ കരുതി. അവരുടെ മരണം പീഡനമായും നമ്മിൽ നിന്നുള്ള വേർപാട് നാശമായും അവർ കണക്കാക്കി. അവരാകട്ടെ ശാന്തി അനുഭവിക്കുന്നു. (ജ്ഞാനം 3:1-3). സ്വർഗ്ഗം എന്നത് ദൈവിക സാന്നിധ്യത്തിന്റെയും ദൈവത്തിന്റെയും പര്യായമായിട്ടാണ് വി. ഗ്രന്ഥം ഉപയോഗിക്കുന്നത്. മനുഷ്യൻ ദൈവത്തെ മുഖാമുഖം കാണുന്നു എന്നതാണ് സ്വർഗ്ഗത്തിൽ മനുഷ്യനു ലഭിക്കുന്ന സൗഭാഗ്യം (1 കോറി 13:13, 1 യോഹ 3:2, വെളി 22:4) ദൈവത്തെ കാണുന്നു എന്നതിന് ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കുന്നു എന്ന അർത്ഥമില്ല. നിത്യനൂതനമായ അറിവും സ്നേഹവുമാണ് ദൈവം സ്വർഗ്ഗവാസികൾക്ക് അനുനിമിഷം വെളിപ്പെടുത്തുന്നത്. തന്മൂലം സ്വർഗ്ഗം എന്നത് സമ്പൂർണ്ണ വിശ്രമവും നിശ്ചലതയുമല്ല. മറിച്ച് ഓരോ നിമിഷവും ദൈവത്തിലേക്ക് കൂടുതൽ കൂടുതൽ ഐക്യപ്പെടുന്നതും ഓരോ നിമിഷവും ദൈവത്തെ കൂടുതലായി അറിയാനും സ്നേ


ഹിക്കാനും ദൈവൈക്യത്തിൽ ആനന്ദിക്കാനും കഴിയുന്നതുമായ അനുഭവവും അവസ്ഥയുമാണ് സ്വർഗ്ഗം.

സ്വർഗ്ഗത്തിലെ മറ്റൊരു സൗഭാഗ്യം നിത്യജീവനാണ്. ജീവൻ സമ്പൂർണ്ണമായും ദൈവദാനമാണ്. നാമാരും അറിയും മുമ്പേ ദൈവം നമുക്കു ജീവനേകി. ജീവൻ നഷ്ടപ്പെടാൻ നിരവധി നിസ്സാര കാരണങ്ങളുള്ളതിനാൽ ജീവനെക്കുറിച്ച് മനുഷ്യൻ സദാ വ്യാകുല നാണ്. എന്നാൽ, സ്വർഗ്ഗത്തിൽ അനന്തമായ ജീവൻ നൽകി ദൈവം മനുഷ്യനെ അനുഗ്രഹിക്കുന്നു. സ്വർഗ്ഗത്തെ സൂചിപ്പിക്കാൻ നിത്യ ജീവൻ എന്ന പദം ബൈബിൾ ആവർത്തിച്ചുപയോഗിക്കുന്നുണ്ട്. (മത്താ 19,16; 23:46, യോഹ 3:16, 6:27, റോമ 2:7, ഗലാ 6:8, 1 യോഹ 2:35) നിത്യനായ ദൈവത്തെ നിത്യനൂതന വഴികളിലൂടെ നിത്യമായും കണ്ട് ആനന്ദിക്കാനുള്ള ഭാഗ്യമാണ് സ്വർഗ്ഗവാസികൾക്ക് ലഭിക്കുന്നത്.

സ്വർഗ്ഗത്തിലായിരിക്കുക എന്നതിന് യേശുവിനോടൊത്ത് ആയിരി ക്കുക എന്നാണർത്ഥം. മനുഷ്യൻ ദൈവത്തിലും ദൈവം മനുഷ്യ നിലും സമ്പൂർണ്ണമായി എത്തിച്ചേർന്നത് യേശുവിലാണ്. യേശുവിന്റെ കുരിശിലെ അനുസരണം വഴി ദൈവത്തെ സമ്പൂർണ്ണമായി മനുഷ്യൻ സ്വീകരിച്ചു. അതുപോലെതന്നെ യേശുവിന്റെ ഉത്ഥാനത്തിലൂടെ മനുഷ്യനെ സമ്പൂർണ്ണമായും ദൈവവും സ്വീകരിച്ചു. യേശുവിന്റെ മരണോത്ഥാനങ്ങളിൽ വിശ്വാസം വഴി പങ്കാളിയാകുമ്പോഴാണ് വ്യക്തി സ്വർഗ്ഗഭാഗ്യത്തിന് അർഹനാകുന്നത്. യേശുവിനോടൊത്ത് ആയിരിക്കുക എന്നതും തുല്യമാണ് (1 തെസ 4:16, ഫിലി 1:23, 2 കോറി 12:8). ഈ ഭൂമിയിൽ വിശ്വാസത്തെപ്രതി മനുഷ്യൻ സഹിച്ച സകല നഷ്ടങ്ങൾക്കുമുള്ള പരമോന്നതമായ സമ്മാനമായും സ്വർഗ്ഗത്തെ കാണാനാവും. സ്വർഗ്ഗത്തെ അനശ്വരമായ കിരീടമായും (യാക്കോ 1:) വിജയികൾക്കുള്ള നിഗൂഢമന്നയും വെള്ളിക്കല്ലുമായും (വെളി 2:17), സിംഹാസനാരോഹണമായും (വെളി 3:21) വി. ഗ്രന്ഥം അവതരിപ്പിക്കുന്നു. ഈ ലോകത്ത് മനുഷ്യൻ അനുഭവിക്കേണ്ടി വരുന്ന സകല ത്യാഗങ്ങൾക്കും സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കും എന്ന ആശ്വാസകരമായ ആ പ്രത്യാശയുടെ സാക്ഷാത്കരണം കൂടിയാണ് സ്വർഗ്ഗം.

സകല മനുഷ്യരും ദൈവത്തെ പിതാവായി അംഗീകരിച്ച് സ്നേ ഹിക്കുമ്പോൾ രൂപംകൊള്ളുന്ന വിശ്വസാഹോദര്യത്തിന്റെ പുതിയ ആകാശവും പുതിയ ഭൂമിയുമാണ് സ്വർഗ്ഗം (ഏശ 116-9; വെളി 21:11) അവിടെ ദൈവം എല്ലാവർക്കും എല്ലാമാകുന്നു (1 കോറി 15:24-26)

പ്രസാദവരാവസ്ഥയിൽ മരിച്ച നീതിമാന്മാരുടെ ആത്മാക്കൾ തന തുവിധിയിലൂടെ മരണനിമിഷം മുതൽ സ്വർഗ്ഗീയാനന്ദം അനുഭവിച്ചു തുടങ്ങുന്നതായി സഭ പഠിപ്പിക്കുന്നു. (Bendictus Decus, LG 49)



# ACHIEVEMENTS DURING 2018-19


## APARNA ROY

| | | |
|---|---|---|
| *State Youth Athletic Meet (Trivandrum) | - | 100Mts. – Gold |
| *State Senior Athletic Meet (Trivandrum) | - | 100Mts. Hurdles – Gold-NMR (14.10) |
| *National Senior Athletic Meet (Guwahati) | - | 100Mts. Hurdles – 4th 14.24 |
| *Youth Olympics Asian Qualifying Meet (Bangkok) | - | 100Mts. Hurdles – Bronze-National Record 13.98 |
| *National Youth Athletic Meet (Vadodara) | - | 100Mts. Hurdles – Gold-14.08, Medley Relay- Gold, Best Athlete |
| * State Inter-Club Meet Trivandrum | - | 100Mts. Hurdles -Gold-14.07, 100Mts. Race –Gold 12.44 |
| * South Zone Athletic Meet | - | 100Mts. Hurdles – Gold 13.9 |
| *Kerala State Junior Athletic Meet (Trivandrum) | - | 100Mts. Hurdles – Gold-NMR 13.89, 100Mts race- Gold 12.36, Medley Relay- Gold NMR |
| *Kerala State School Sports Meet (Trivandrum) | - | 100Mts. Hurdles - Gold 13.85, 200Mts. Race – Silver 25.82, 100Mts race- Bronze 12.52, 4x100 m Relay- Silver |
| *Junior National Athletic Meet (Ranchi) | - | 100Mts. Hurdles - Gold (Record)-13.76 Medley Relay - Gold |
| *Khelo India National Meet (New Delhi) | - | 100Mts Hurdles- 13.98, 4x100 m Relay- Gold, Best Athlete |
| * National Senior School Meet (Nadiad, Gujarat) | - | 4X100 Mts.Relay-Gold,100 Mts. Hurdles-Gold (Record) 13.92, Best Athlete |

# Congratulations

# കൂട്ടുകാർക്കായ്

## കളറിംഗ് മത്സരം




പേര്.......................................................ക്ലാസ്.......................

വീട്ടുപേര്...........................................................................

..........................................................................................

# കൂട്ടുകാർ വരച്ചത്



ജെറിൻ ജോസ് പുതിയേടത്ത്




ടാനിയ തോമസ് & ട്രീസ തോമസ്

# വചനം അനുദിന വായനയ്ക്ക്. തിരുനാളുകൾ, വിശേഷദിവസങ്ങൾ– മാർച്ച്

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **31** | | | | | **1** | **2** |
| യോഹ 7:37-39,8:12-50,<br>റോമ 2:1-1,<br>ഉത്പ 16:6-16,<br>ജോഷ്വ 9:16-27 | | | | | മത്താ 25:31-40,<br>1കോറി 15:39-49 | മത്താ 15:29-31,<br>വെളി 3:14-22 |
| **3** | **4** | **5** | **6** | **7** | **8** | **9** |
| മത്താ 4:1-11,<br>എഫേ 4:17-24,<br>പുറ 34:27-35,<br>ഏശ 55:1-10 | മത്താ 5:17-26,<br>റോമ 1:16-25 | മത്താ 5:34-42,<br>റോമ 2:1-6 | മത്താ 6:5-8,<br>റോമ 2:12-24 | മത്താ 6:25-34,<br>റോമ 3:9-20 | മത്താ 7:1-6,<br>റോമ 4:13-25 | മത്താ 6:9-15,<br>റോമ 3:21-26 |
| **10** | **11** | **12** | **13** | **14** | **15** | **16** |
| മത്താ 7:21-27,<br>റോമ 6:5-23,<br>ഉത്പ 5:19-31,<br>ജോഷ്വ 4:15-24 | മർക്കോ 7:14-23,<br>തീത്തോ 3:1-7 | മത്താ 7:7-12,<br>റോമ 8:18-25 | മത്താ 4:1-8,<br>റോമ 6:15-23 | മത്താ 5:33-37,<br>റോമ 3:1-8 | മർക്കോ 11:27-33,<br>റോമ 7:7-12 | മത്താ 11:16-19,<br>1 കോറി 5:9-13 |
| **17** | **18** | **19** | **20** | **21** | **22** | **23** |
| മത്താ 20:17-28,<br>റോമ 7:14-25,<br>ഉത്പ 7:6-24,<br>ജോഷ്വ 5:13-6:5 | മർക്കോ 12:28-34,<br>റോമ 7:1-6 | മത്താ 1:18-25,<br>2 കോറി 10:3-11 | മത്താ 5:43-48,<br>1 പത്രോ 3:8-12 | മർക്കോ 12:35-40,<br>എഫേ 6:1-9 | മർക്കോ 12:18-27,<br>റോമ 8:1-6 | മത്താ 21:28-32,<br>എഫേ 4:25-32 |
| **24** | **25** | **26** | **27** | **28** | **29** | **30** |
| മത്താ 21:33-44,<br>റോമ 8:12-17,<br>ഉത്പ 1:1-9,<br>ജോഷ്വാ 7:10-15 | ലൂക്കാ 1:26-38,<br>ഹെബ്രാ 1:1-13 | യോഹ 5:19-23,<br>റോമ 9:14-18 | യോഹ 6:60-69,<br>റോമ 10:1-13 | യോഹ 7:1-13, റോമ<br>11:1-10 | യോഹ 7:25-31,<br>റോമ 11:25-36 | യോഹ 7:45-55,<br>റോമ 13:1-7 |

# വചനം അനുദിന വായനയ്ക്ക്. തിരുനാളുകൾ, വിശേഷദിവസങ്ങൾ– ഏപ്രിൽ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| | ലൂക്കാ 18:18-25,<br>കൊളോ 2:16-19 | ലൂക്കാ 10:33-37,<br>2 കോറി 9:10-15 | യോഹ 8:1-11,<br>യൂദ 8-13 | മർക്കോ 10:35-45,<br>1തെസ 2:17-20 | യോഹ 8:49-59,<br>റോമ 3:8-14 | മർക്കോ 10:1-12,<br>1 കോറി 13:1-13 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| യോഹ 10:11-18,<br>റോമ 4:3-23,<br>ഉത്പ 19:15-26,<br>ലേവ്യ 21:43-22:5 | യോഹ 12:44-50,<br>1 തെസ 3:6-13 | ലൂക്കാ 13:31-35,<br>2 പത്രോ 2:4-10 | മത്താ 18:15-20,<br>1 യോഹ 2:7-11 | ലൂക്കാ 3:8-11,<br>2 പത്രോ 2:11-17 | യോഹ 11:38-45,<br>റോമാ 15:7-13 | യോഹ 12:1-8,<br>ശ്ലീഹ 20:22-36 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| മത്താ 21:1-17,<br>റോമ 11:13-24,<br>ഉത്പ 44:8-12, 22-26,<br>.... 9:9-12 | യോഹ 11:47-57,<br>ഹെബ്രാ 1:5-14 | യോഹ 12:20-26,<br>ഹെബ്രാ 5:14-10 | യോഹ 12:27-33,<br>ഹെബ്രാ 9:15-28 | യോഹ 13:1-14,<br>1 കോറി 11:23-29 | യോഹ 19:31-44,<br>റോമ 5:6-16 | മത്താ 28:1-20,<br>റോമ 6:3-11 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| മത്താ 28:1-6,<br>റോമ 6:1-14,<br>ഏശ 60:1-7,<br>1 സാമു 2:1-10 | യോഹ 14:18-28,<br>റോമ 4:1-8 | ലൂക്കാ 24:13-27,<br>1 കോറി 15:2-19 | യോഹ 15:1-10,<br>എഫേ 4:1-6 | മർക്കോ 16:15-20,<br>2 തിമോ 4:6-18 | മത്താ 10:26-33,<br>ഹെബ്രാ 11:3-10 | മർക്കോ 16:1-8,<br>കൊളോ 3:1-4 |
| 28 | 29 | 30 | | | | |
| യോഹ 20:19-29,<br>കൊളോ 1:12-20<br>ഏശ 55:4-13,<br>ശ്ലീഹ 4:32-37 | ലൂക്കാ 24:28-35,<br>1 കോറി 1:10-17 | യോഹ 5:41-47,<br>ശ്ലീഹ 9:20-25 | | | | |

# പാവനസ്മരണയ്ക്ക്

11-ാം ചരമവാർഷികം

4-ാം ചരമവാർഷികം





**മത്തായി സ്കറിയ**

മരണം : 20.11.2007

**ത്രേസ്യ മത്തായി**

മരണം : 19.03.2015

**മറ്റത്തിൽ**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# പാവനസ്മരണയ്ക്ക്

17-ാം ചരമവാർഷികം (31.03.2019)



**ജിബിന ബേബി**

**വെണ്ണായിപ്പിള്ളിൽ**

മരണം : 31.03.2002

സന്തപ്ത കുടുംബാംഗങ്ങൾ

# പാവന സ്മരണയ്ക്ക്



**ജോസഫ് കാക്കനൊട്ട്**
(1925-2010)

**ചിന്നമ്മ ജോസഫ്**
(1937-2017)

**തിരുവമ്പാടി**

പ്രാർത്ഥനയോടെ കാക്കനൊട്ട് കുടുംബാംഗങ്ങൾ



Meridian Travels
Sanjose Building, Koodaranhi
991695 4568, 920717 4568, 9562 663351
വിവാഹങ്ങൾക്ക് നിങ്ങൾ ആവശ്യപ്പെടുന്ന വാഹനങ്ങൾ
കുറഞ്ഞ ചിലവിൽ ഞങ്ങൾ നിങ്ങൾക്കു നൽകുന്നു.
വിവാഹത്തിനും, വിനോദയാത്രകൾക്കും,ടാക്സി സർവ്വീസിനും മെറിഡിയൻ ട്രാവൽസ്
24 മണിക്കൂറും മെറീഡിയൻ ട്രാവൽസിൽ വാഹനങ്ങളുടെ സേവനം ലഭ്യമാണ്.
സേവനങ്ങൾ
ബസ്, ട്രെയിൻ
വിമാന ടിക്കറ്റുകൾ
പ്രിന്റ്, കളർ പ്രിന്റ്, ഫോട്ടോസ്റ്റാറ്റ്
സ്കാനിംഗ്, ഇന്റർനെറ്റ്
മെമെന്റോസ്, ടിം ജേഴ്സി



ആവശ്യാനുസരണം വീടുകളിൽ വന്ന്
സാമ്പിൾ കളക്ട് ചെയ്യുന്നു.
ഇതിന് മുൻകൂർബുക്കുചെയ്യണം
awwal
QUALITY LABORATORY & ECG
അവ്വൽ കമ്പ്യൂട്ടറൈസ്ഡ് ലബോറട്ടറി & ഇ.സി.ജി.
ഏറനാട് ട്രേഡേഴ്സിന് എതിർവശം, തിരുവമ്പാടി റോഡ്,
കൂടരഞ്ഞി Ph : 8157044041, 9539594435
രക്തം, കഫം, മലം, മൂത്രം, ഇ. സി. ജി. (3ചാനൽ)
എല്ലാവിധ സ്പെഷൽ ടെസ്റ്റുകളും ഉത്തരവാദിത്വമുള്ള
ടെക്നിഷ്യൻമാരുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കുന്നു
പ്രവർത്തന സമയം : 6:30 am മുതൽ 6:30 pm വരെ

ആഘോഷങ്ങൾ ഇവിടെ തുടങ്ങുന്നു
മിഴിവേറും ഇന്റീരിയർ... വിശാലമായ കാർ പാർക്കിങ്...



കടമ്പനാട്ട്
ടോംസ് ഓഡിറ്റോറിയം

കരിക്കുറ്റി, കൂടരഞ്ഞി
സ്റ്റെല്ല മാരിസ് സ്കൂളിന് എതിർവശം
FOR BOOKING 9495 640 722



VILANGUPARA
Koodaranhi
9142 847 454, 0495 2252285

BRIGHT OFFSET ✆ 225 5565